I.ഇ.ബി. XIIകേരള നിയമസഭ/XI-16

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

<u>2009 ജൂലായ് 14, ചൊവ്വ</u>

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിര പ്രമേയം**

<u>അമ്പലപ്പുഴയിൽ പ്രകടനത്തിന് നേരെയുണ്ടായ ആക്രമണം</u>

<u>മി. സ്പീക്കർ:</u> ഒരു സംഘം അക്രമികൾ അമ്പലപ്പുഴയിൽ പ്രകടനം നടത്തിയ ഒരു വിഭാഗം ആളുകളേയും സംഭവം റിപ്പോർട്ട് ചെയ്യാനെത്തിയ മനോരമ റിപ്പോർട്ടറേയും ആക്രമിച്ച് പരിക്കേൽപ്പിക്കുകയും പോലീസ് പിടിച്ചെടുത്ത ബൈക്കും മറ്റും പോലീസ് സ്റ്റേഷനിൽ നിന്ന് ബലം പ്രയോഗിച്ച് കൊണ്ടുപോകുകയും ചെയ്തതുമൂലം ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ബി. ബാബു പ്രസാദ്, കെ. കുട്ടി അഹമ്മദ് കുട്ടി, ജോസഫ് എം. പുതുശ്ശേരി, കെ. കെ. ഷാജു, കെ. ബി. ഗണേഷ് കുമാർ, പി. സി. ജോർജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 13-07-09-ന് വൈകുന്നേരം 7.00 മണിയോടുകൂടി കരൂർ ജംഗ്ഷനിൽ നിന്നും അമ്പലപ്പുഴയിലേയ്ക്ക് നാല്പതോളം ആളുകൾ ഒരു പ്രകടനം നടത്തുകയുണ്ടായി. വൈകുന്നേരം 7.15 മണിയോടുകൂടി ഇവർ അമ്പലപ്പുഴ കച്ചേരിമുക്കിൽ എത്തിയപ്പോൾ ഒരു സംഘം ആളുകളും പ്രകടനക്കാരുമായി വാക്കുതർക്കവും സംഘർഷവുമുണ്ടായി. ഈ സംഭവം പകർത്തുന്നതിന് ശ്രമിച്ച മനോരമ ന്യൂസ് ചാനൽ ക്യാമറമാന് മർദ്ദനമേൽക്കുകയും അദ്ദേഹം ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ തേടുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ക്യാമറാമാന്റെ മൊഴി പ്രകാരം അമ്പലപ്പുഴ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് പ്രസിഡന്റ് അരുൺ കുമാർ, സത്താർ, ബിജു എന്നിവരെ പ്രകടനക്കാർ ദേഹോപദ്രവം ഏൽപ്പിച്ചു വെന്നാരോപിച്ച് അവർ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ തേടുകയുണ്ടായി. ഇക്കാര്യത്തിൽ സത്താറിന്റെ മൊഴി പ്രകാരം മോഹനൻ, ബാബു, വിജയൻ തുടങ്ങിയ ഇരുപതോളം പേർക്കെതിരെ മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളെ പിടികൂടുന്നതിനുവേണ്ടി പോലീസ് ഊർജ്ജിതമായ അന്വേഷണം നടത്തുകയാണ്. ഇപ്പോൾ അവിടെ ഗുരുതരമായ സ്ഥിതിവിശേഷമൊന്നും നിലനിൽക്കുന്നില്ല. സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. ബി. ബാബു പ്രസാദ്: മനുഷ്യത്വരഹിതമായ അക്രമ സംഭവമാണ് ഇന്നലെ അമ്പലപ്പുഴയിലുണ്ടായത്. പോലീസ് സ്റ്റേഷനിൽ നിന്ന് ബൈക്ക് മോചിപ്പിച്ചെടുത്ത സംഭവം ആഭ്യന്തര വകുപ്പുമന്ത്രി മറുപടിയിൽ മറച്ചുവച്ചു. മുഖ്യമന്ത്രിക്ക് സിന്ദാബാദ് വിളിച്ച് പ്രകടനം നടത്തിയ സി.പി.ഐ (എം)

പ്രവർത്തകരേയും അത് റിപ്പോർട്ട് ചെയ്യാനെത്തിയ മാധ്യമപ്രവർത്തക രേയും ഒരു സംഘം അക്രമികൾ അതിനിഷ്ഠൂരമായി മർദ്ദിക്കുകയുണ്ടായി. സി.പി.ഐ (എം)-ന്റെ അറിയപ്പെടുന്ന പ്രവർത്തകരുടെ നേതൃത്വത്തിലാണ് ഈ അക്രമസംഭവം നടന്നത്. സംഭവ സ്ഥലത്ത് അമ്പലപ്പുഴ സി.ഐ-യുടെ നേതൃത്വത്തിൽ അമ്പതോളം പോലീസുകാർ ഉണ്ടായിരുന്നെങ്കിലും അര മണിക്കൂറോളം അവർ ഇതിൽ ഇടപെടുകയോ മർദ്ദനമേറ്റ മാദ്ധ്യമപ്രവർത്തകരെ ആശുപത്രിയിലെത്തിക്കുകയോ ചെയ്തിട്ടില്ല. പോലീസ് പിടിച്ചെടുത്തതും അക്രമികൾ സഞ്ചരിച്ചിരുന്നതുമായ ആയുധങ്ങളടങ്ങിയ മോട്ടോർ ബൈക്ക് സി.ഐ-യുടെ ഓഫീസിൽ നിന്ന് അക്രമി സംഘം കൊണ്ടുപോവുകയുണ്ടായി. ഗുരുതരമായ ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): അക്രമികളിൽ നിന്ന് പിടിച്ചെടുത്ത ബൈക്ക് പോലീസ് സ്റ്റേഷനിൽ നിന്ന് എടുത്തുകൊണ്ടുപോയിട്ടില്ല. അക്രമ സംഭവങ്ങൾ നടക്കുന്ന സമയത്ത് അതുവഴി മോട്ടോർ ബൈക്കിൽ വന്നയാൾ റോഡ് സൈഡിൽ വച്ച ബൈക്ക് പോലീസ് കസ്റ്റഡിയിലെടുക്കുകയും ഉടമസ്ഥൻ വന്നപ്പോൾ ബൈക്ക് വിട്ടുകൊടുക്കുകയുമാണുണ്ടായത്. സി.പി.ഐ(എം)-ൽ നിന്ന് പുറത്താക്കപ്പെട്ടവരും കോൺഗ്രസ്സുകാരും ചേർന്ന് ചില സ്ഥലങ്ങളിൽ പ്രകടനം നടത്തുന്നുണ്ട്. ക്രമസമാധാനത്തെ ബാധിക്കുന്ന യാതൊരു സ്ഥിതിവിശേഷവും അമ്പലപ്പുഴയിലും മറ്റെവിടേയും നിലനിൽക്കുന്നില്ല. അതുകൊണ്ട് ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ. എം. മാണി, സി. ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) <u>കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങളിൽ മാറ്റം</u>

<u>ശ്രീ. വി. ശശികുമാർ</u>: കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിന് സംസ്ഥാനങ്ങൾക്ക് നൽകുന്ന ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനുപകരം കേന്ദ്രാവിഷ്കൃത പദ്ധതികൾ കൂടുതൽ അനുവദിക്കുന്ന പ്രവണത ശക്തിപ്പെട്ടുവരികയാണ്. വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്തമായ ജീവിത നിലവാരവും അടിസ്ഥാന സൗകര്യ വികസനങ്ങളും വൈവിധ്യമുള്ള പ്രശ്നങ്ങളുമാണ് നിലവിലുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിന് സംസ്ഥാനങ്ങളുടെ വൈവിധ്യം പരിഗണിക്കപ്പെടാത്തത് ഗുരുതരമായ പ്രശ്നമായി കേരളത്തെ ബാധിക്കുകയാണ്. വിവിധ മേഖലകളിൽ നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വ്യവസ്ഥകളിൽ കാര്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്. എൻ.ആർ.ഇ.ജി.എസ്. പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്നും കൃത്യസമയത്ത് ഫണ്ട് ലഭ്യമാകാത്തതിനാൽ പദ്ധതി പ്രവർത്തനം തടസ്സപ്പെടുന്നുണ്ട്. മെറ്റീരിയൽ കംപോണന്റ് ഉൾപ്പെടുത്താൻ കഴിയാത്തതിനാൽ ഡ്യൂറബിൾ അസറ്റുകൾ ഉണ്ടാക്കുന്നില്ല. എല്ലാ പഞ്ചായത്തിലും നീർത്തടാധിഷ്ഠിത പദ്ധതി ഇല്ലാത്തതിനാൽ സ്വകാര്യ മേഖലയിലെ കാർഷിക ഭൂമിക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. സർവീസ് മേഖല

കളിലേയ്ക്ക് കൂടി പദ്ധതികൾ വ്യാപിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കണം. വേതന നിരക്ക് 200 രൂപയായി ഉയർത്തിയാൽ മാത്രമേ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുള്ളൂ. എസ്.ജി.എസ്.വൈ. പദ്ധതികൾ നടപ്പാക്കാനുള്ള വായ്പ കുറവാണ്. ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ഫലപ്രദ മായി വിനിയോഗിക്കാൻ സംവിധാനമില്ല. ട്രെയിനിംഗ് പ്രോഗ്രാമിന് സംസ്ഥാന തലത്തിൽ ഏകീകൃത രൂപം നൽകാനും സ്പെഷ്യൽ പ്രോജക്ടു കൾ അനുവദിക്കാനും കഴിയണം. ടോട്ടൽ സാനിട്ടേഷൻ ക്യാംപെയിനിന്റെ യൂണിറ്റ് കോസ്റ്റ് 5000 രൂപയായി വർദ്ധിപ്പിക്കണം. ഖര-ദ്രവ്യ-മാലിന്യ നിർമ്മാർജ്ജനത്തിനായി കൂടുതൽ ഫണ്ട് അനുവദിക്കുകയും ഈ ഫണ്ട് എയ്ഡഡ് സ്കൂളുകളുടെ കക്കൂസ് നിർമ്മാണത്തിന് ഉപയോഗിക്കാൻ കഴിയുകയും അംഗൻവാടി ടോയ്‌ലറ്റ് യൂണിറ്റിന്റെ കോസ്റ്റ് 20,000 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്യണം. ഐ.എ.വൈ.യുടെ യൂണിറ്റ് കോസ്റ്റ് 1 ലക്ഷം രൂപയായി ഉയർത്തുകയും അതിൽ ബി.പി.എൽ. ഫാമിലിയോടൊപ്പം മാർജിനൽ എ.പി.എൽ ഫാമിലി കൂടി ഉൾപ്പെടത്തക്കരീതിയിൽ മാറ്റം വരുത്തേണ്ടതുമാണ്. പി.എം.ജി.എസ്.വൈ.യുടെ നെറ്റ്‌വർക്ക് പുതിയ രീതിയിൽ അപ്ഡേറ്റ് ചെയ്യണം. റോഡുകൾക്ക് 8 മീറ്റർ വീതി എന്ന നിബന്ധന ഒഴിവാക്കാൻ കഴിയണം. ടെൻഡർ എക്സസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ആലോചിക്കേണ്ടതാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാ ക്കാൻ തടസ്സം സൃഷ്ടിക്കുന്ന നിബന്ധനകളിൽ മാറ്റം വരുത്താൻ സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഭൂരിപക്ഷം കേന്ദ്രാവിഷ്കൃത പദ്ധതികളുടേയും മാനദണ്ഡങ്ങൾ സംസ്ഥാനത്തിന്റെ

പരിത:സ്ഥിതിക്ക് അനുയോജ്യമല്ലാത്തതുകൊണ്ട് പദ്ധതി നടത്തിപ്പിൽ നിരവധി പ്രശ്നങ്ങളും കാലതാമസവും ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാൻ തടസ്സവും നേരിടുന്നുണ്ട്. ചില കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള പണം കേന്ദ്ര സർക്കാർ നേരിട്ട് നൽകുന്നതിനാൽ ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ നടത്തിപ്പ് ശരിയായ വിധത്തിലാണോയെന്ന് പരിശോധിക്കാൻ തടസ്സം ഉണ്ടാകുന്നുണ്ട്. എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുമുള്ള പണം സംസ്ഥാന സർക്കാർ വഴിമാത്രമേ നൽകാവൂ എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. 100 ശതമാനം കേന്ദ്ര വിഹിതമുള്ള പല പദ്ധതികളും സമീപകാലത്ത് 50 ശതമാനമോ അതിലധികമോ വിഹിതം സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണെന്നുള്ള രീതിയിൽ മാറ്റുന്നുണ്ട്. പല പദ്ധതികൾക്കും നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് നിരക്കുകൾ തികച്ചും അപര്യാപ്തവും സംസ്ഥാനത്തിന്റെ പരിത:സ്ഥിതിയുമായി യാതൊരു ബന്ധവുമില്ലാത്തതുമാണ്. ഭരണഘടനാപരമായി സംസ്ഥാനങ്ങൾക്ക് അനുവദിച്ചിട്ടുള്ള വിഷയങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്ന പ്രവണത ഒഴിവാക്കപ്പെടേണ്ടതാണ്. സംസ്ഥാനത്തിന്റെ സാഹചര്യം കൂടി കണക്കിലെടുത്തുകൊണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളിലെ മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ സംസ്ഥാനങ്ങൾക്ക് അനുവാദം നൽകണമെന്നും കൂടുതൽ വിഭവങ്ങൾ സംസ്ഥാനത്തിന് കൈമാറിക്കൊണ്ട് സംസ്ഥാന വിഷയങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ രൂപീകരിക്കുന്നത് ഘട്ടംഘട്ടമായി കുറച്ച് കൊണ്ടുവരണമെന്നും ഐ.എ.വൈ. പദ്ധതിക്കായി കേന്ദ്ര സർക്കാർ നൽകുന്ന തുക സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇ.എം.എസ്. ഭവന പദ്ധതിയുടെ വായ്പ തിരിച്ചടവിന് വിനിയോഗിക്കാനും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ അനുവദിച്ച തുക ദീർഘകാല വിളയുടെ

പുന:കൃഷിക്കും ഭൂ വികസനത്തിനും ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിനിയോഗിക്കാനും അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോടും 13-ാം ധനകാര്യ കമ്മീഷനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

(2) മലബാറിലെ മലയോര കർഷകർക്ക് പട്ടയം

ശ്രീ. ആര്യാടൻ മുഹമ്മദ് : 1-1-1977-ന് മുമ്പ് വനഭൂമിയിൽ കുടിയേറി കൃഷി ചെയ്തിരുന്ന ഇടുക്കി, പത്തനംതിട്ട, എറണാകുളം, കൊല്ലം, തൃശ്ശൂർ ജില്ലകളിലെ കർഷകർക്ക് 28588.15 ഹെക്ടർ ഭൂമി വിതരണം ചെയ്യുന്നതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ഇതിന് പട്ടയം നൽകി വരുന്നു. എന്നാൽ മലബാറിലെ ആറ് ജില്ലകളിലേയും കർഷകർക്ക് ഒരു സെന്റ് ഭൂമിക്കുപോലും പട്ടയം ലഭിച്ചിട്ടില്ല. അവിടെ ചില സ്ഥലങ്ങളിൽ ജോയിന്റ് വെരിഫിക്കേഷൻ നടന്നെങ്കിലും പട്ടയവിതരണത്തിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. തിരുകൊച്ചിയിൽ റിസർവ് ഫോറസ്റ്റാണ് കയ്യേറിയത്. മലബാറിൽ കയ്യേറിയത് 95 ശതമാനവും വെസ്റ്റഡ് ഫോറസ്റ്റാണ്. അത് ജന്മിമാരുടെ കൈവശമിരുന്ന ഭൂമി അവരുടെ അനുവാദത്തോടെ കൃഷി ചെയ്തതാണ്. മലബാറിൽ വനയോര മേഖലയിൽ താമസിക്കുന്നവരെ ഇന്നും ഫോറസ്റ്റ് അധികൃതർ ഭീഷണിപ്പെടുത്തുകയാണ്. 1-5-1977-ൽ വെസ്റ്റിംഗ് ആന്റ് അസ്സൈൻമെന്റ് ആക്ട് നിലവിൽ വന്നപ്പോൾ പ്രസ്തുത ഭൂമി ഗവൺമെന്റിൽ വെസ്റ്റുചെയ്തു. ഈ ഭൂമി കൈവശംവച്ചിട്ടുള്ള കൃഷിക്കാർക്ക് പട്ടയം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ ) : 1-1-1977-ന് മുമ്പ് വനഭൂമി കുടിയേറിയ മലയോര കർഷകരുടെ കൈവശഭൂമിക്ക് 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ട പ്രകാരമാണ് പട്ടയം നൽകിവരുന്നത്. വനം-റവന്യൂ വകുപ്പുകൾ കൈവശഭൂമി പരിശോധിച്ച് 1-1-1977-നു മുമ്പ് കൈവശപ്പെടുത്തി

യതാണെന്ന് വ്യക്തമാകുന്ന അപേക്ഷകളിന്മേൽ കേന്ദ്ര വന സംരക്ഷണ നിയമപ്രകാരം കേന്ദ്രാനുമതി ലഭ്യമാക്കി പട്ടയം നൽകുകയാണ് ചെയ്യുന്നത്. 28588.15 ഹെക്ടർ ഭൂമി വിതരണം ചെയ്യുന്നതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ള തിൽ മലബാർ മേഖല ഉൾപ്പെടുന്നില്ല. പ്രസ്തുത ഭൂമിക്ക് പുറമേ പതിനായിരം ഹെക്ടർ വനഭൂമിക്ക് പട്ടയം നൽകുന്നതിനാവശ്യമായ കേന്ദ്രാനുമതി ലഭ്യമാക്കുന്നതിനുവേണ്ട ശ്രമങ്ങൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ഈ നടപടി പൂർത്തിയാകുന്നതോടെ അർഹതപ്പെട്ട എല്ലാ മലയോര കർഷകരുടേയും കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതാണ്. സുപ്രീംകോടതിയിലെ കേസ് സംബന്ധിച്ച് യാഥാസമയം അഫിഡവിറ്റ് കൊടുക്കാൻ അന്നത്തെ ഗവൺമെന്റിന് സാധിക്കത്തതുമൂലമാണ് ഇത് നീണ്ടുപോയത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1-1-1977-നു മുമ്പുള്ള അർഹതപ്പെട്ട എല്ലാപേർക്കും പട്ടയം നൽകുന്നതിന് സുപ്രീംകോടതിയിൽ അഫിഡവിറ്റ് സമർപ്പിക്കുകയും തുടർന്ന് 20-3-2009-ൽ അനുകൂലമായ വിധിയുണ്ടാവുകയും ചെയ്തു. ഇതുപ്രകാരം 10000 ഹെക്ടർ സ്ഥലത്തിന് പട്ടയം കൊടുക്കാൻ കഴിയുമെന്നതിന്റെ അടിസ്ഥാനത്തിൽ റവന്യു-വനം വകുപ്പുകളുടെ സംയുക്ത പ്രവർത്തനത്തെത്തുടർന്ന് ഫോറസ്റ്റ് വകുപ്പ് ഇത് സംബന്ധിച്ച നടപടി സ്വീകരിച്ചു. ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പ്രൊട്ടക്ഷൻ) ഇത് സംബന്ധിച്ച റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചു. ഇത് സംബന്ധിച്ച് ജില്ലകൾ തോറും യോജിച്ച് മീറ്റിംഗുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. നേരത്തെ ഗവൺമെന്റിലേയ്ക്ക് അയയ്ക്കാൻ സാധിക്കാത്ത ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ടുകളടക്കം ശേഖരിച്ചിട്ടുണ്ട്. മലബാർ ഉൾപ്പെടെയുള്ള ജില്ലകളിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യാൻ ഒരു മീറ്റിംഗ് ഈ സമ്മേളനകാലം കഴിഞ്ഞശേഷം വിളിക്കുന്നതാണ്. ബന്ധപ്പെട്ട ചട്ട

പ്രകാരം മുഴുവൻ ജില്ലകളിലും അർഹതപ്പെട്ട കർഷകർക്ക് പട്ടയം നൽകുന്നതിന് സമയബന്ധിത പരിപാടി തയ്യാറാക്കുന്നുണ്ട്. മലബാർ മേഖലയിലെ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കി കേന്ദ്രാനുമതി ലഭിച്ചതിനുശേഷം പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കും. ആഗസ്റ്റ് ആദ്യവാരത്തിൽ കാസർഗോഡ് ജില്ലയിൽവച്ച് ചേരുന്ന യോഗത്തിൽ ഇത് സംബന്ധിച്ച് എല്ലാ കാര്യങ്ങൾക്കും തീരുമാനമെടുക്കുന്നതാണ്.

**സബ്മിഷൻ**

(1) വിദ്യാഭ്യാസ വായ്പയുടെ പലിശ നിരക്ക്

ശ്രീ. കെ. ടി ജലീൽ : ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ദേശസാൽകൃത ബാങ്കുകളിൽനിന്നും എടുക്കുന്ന 5 ലക്ഷം രൂപവരെയുള്ള വിദ്യാഭ്യാസ വായ്പയ്ക്ക് 10 മുതൽ 12 ശതമാനംവരെയും അതിന് മുകളിലുള്ള തുകയ്ക്ക് 10 മുതൽ 15 ശതമാനംവരെയും ഈടാക്കുന്ന പലിശ നിരക്ക് പരമാവധി കുറയ്ക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : ബാങ്കുകൾ നൽകുന്ന വിദ്യാഭ്യാസ വായ്പയുടെ പലിശ നിരക്ക് ഏകീകരിച്ചിട്ടില്ല. കേന്ദ്ര സർക്കാർ, ഭാരതീയ റിസർവ്വ് ബാങ്ക് എന്നിവയുടെ നയങ്ങൾക്കനുസൃതമായ വ്യത്യസ്ത വായ്പാ പലിശ നിരക്കാണ് ഈടാക്കുന്നത്. റിസർവ് ബാങ്കിന്റെ നിർദ്ദേശപ്രകാരം 4 ലക്ഷം രൂപവരെയുള്ള വിദ്യാഭ്യാസ വായ്പകൾക്ക് അതാത് ബാങ്കുകൾ നിശ്ചയിച്ചിട്ടുള്ള നിരക്കും 4 ലക്ഷം രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 1 ശതമാനം അധികം തുകയുമാണ് ഈടാക്കുന്നത്. വിവിധ ബാങ്കുകൾ നൽകുന്ന വിദ്യാഭ്യാസ വായ്പകൾക്ക് കേന്ദ്ര ഗവൺമെന്റിൽനിന്നോ സംസ്ഥാന ഗവൺമെന്റിൽനിന്നോ പ്രത്യേക സബ്സിഡിയോ ഇൻഷ്വറൻസ് പരിരക്ഷയോ അനുവദിച്ചിട്ടില്ല.

വിദ്യാഭ്യാസ വായ്പയ്ക്ക് ലളിതമായ വ്യവസ്ഥയും കുറഞ്ഞ പലിശ നിരക്കും ഏർപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിലും ബാങ്ക് അധികൃതരിലും സമ്മർദ്ദം ചെലുത്തുന്നതാണ്

(2) ബ്ളോക്ക് പഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് തസ്തികകൾ

ശ്രീ. കെ. എം. മാണി : ബ്ളോക്ക് പഞ്ചായത്തുകളിൽ നിലവിലുണ്ടായിരുന്ന എഞ്ചിനീയറിംഗ് വിംഗ് പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : ബ്ളോക്ക് പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയായി ഉയർത്തുകയാണ് ചെയ്തത്. ബന്ധപ്പെട്ട ബ്ളോക്കിന്റെ പരിധിയിൽവരുന്ന എല്ലാ ഗ്രാമ പഞ്ചായത്തുകളിലേയും അസിസ്റ്റന്റ് എഞ്ചിനീയർ അടക്കമുള്ള സാങ്കേതിക വിഭാഗം ജീവനക്കാരെ ബ്ളോക്കിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് നിയന്ത്രിക്കുന്നത്. എല്ലാ വികസന പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുന്നതിന് സജ്ജമായ ഒരു എഞ്ചിനീയറിംഗ് സംവിധാനം ഇപ്പോൾ നിലവിലുണ്ട്. പുതിയ എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുന്നതിന്റെ ഭാഗമായിട്ടാണ് എഞ്ചിനീയറിംഗ് സ്റ്റാഫ് സംവിധാനത്തിൽ പുന:ക്രമീകരണം നടത്തേണ്ടി വന്നത്.

(3) ശ്രീകാര്യത്ത് നടന്ന ഗുണ്ടാവിളയാട്ടം

ശ്രീ. വി. ശിവൻകുട്ടി: 12.7.2009-ന് രാത്രി 10.00 മണിക്ക് പതിനഞ്ചോളം വരുന്ന അക്രമികൾ ശ്രീകാര്യത്തെ ചിത്രവിള പട്ടികജാതി കോളനിയിൽ കയറി താമസക്കാരെ അടിക്കുകയും വീടുകൾ തകർക്കുകയും ചെയ്ത

സംഭവത്തിന് ഉത്തരവാദികളായവർക്കെതിരെ കേസെടുക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പ്രസ്തുത കോളനിയിലെ സുജാതയുടെ പരാതിപ്രകാരം ശ്രീകാര്യം പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികളെ പിടികൂടുന്ന തിനുവേണ്ടി മെഡിക്കൽ കോളേജ് പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഊർജ്ജിതമായ അന്വേഷണം നടന്നുവരികയുമാണ്. രണ്ടു വിഭാഗവും പട്ടികജാതിക്കാരായതിനാൽ പരിശോധിച്ച് നടപടികൾ സ്വീകരി ക്കുന്നതാണ്.

(4) കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ ഒഴിവുകൾ

ശ്രീ. സി.ടി. അഹമ്മദ് അലി: കാസർഗോഡ് നഗരസഭയിൽ എൻജിനീ യറിംഗ്, ശുചീകരണ വിഭാഗങ്ങളിലെ ഒഴിവുകൾ നികത്തുന്നതിനാവ ശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): തദ്ദേശഭരണ സ്ഥാപനങ്ങളിലെ എൻജിനീയറിംഗ് വിഭാഗം ശക്തിപ്പെടുത്തുന്നതിനുവേണ്ടി ജലവിഭവം, പൊതുമരാമത്ത് എന്നീ വകുപ്പുകളിൽ നിന്നും പുനർവിന്യസിക്കപ്പെട്ടവരേയും മുനിസിപ്പൽ കോമൺ സർവ്വീസിലെയും ഗ്രാമ-ബ്ളോക്ക്-ജില്ലാ പഞ്ചായത്തുകളിലെ എൻജിനീയ റിംഗ് ജീവനക്കാരെയും ഉൾപ്പെടുത്തി പ്രത്യേക എൻജിനീയറിംഗ് വിംഗ് രൂപീകരിച്ചിട്ടുണ്ട്. എൻജിനീയറിംഗ് വിഭാഗം ജീവനക്കാരുടെ കുറവ് പരിഹരിക്കാനാവശ്യമായ നടപടികൾ സർക്കാർ പരിഗണിച്ചുവരികയാണ്. കാസർകോഡ് മുനിസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജി നീയർ തസ്തികയിലേയ്ക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. അവശേഷി

ക്കുന്ന അസിസ്റ്റന്റ് എൻജിനീയർ, ഫസ്റ്റ് ഗ്രേഡ് ഓവർസിയർ, തേർഡ് ഗ്രേഡ് ഓവർസിയർ തസ്തികകളിലേയ്ക്ക് പി.എസ്.സി..വഴിയോ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(5) <u>തൊഴിൽ നഷ്ടപ്പെടുന്ന അധ്യാപകർക്ക് സംരക്ഷണം</u>

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u> 1997- ജൂലൈ 14 നു ശേഷം നിയമനം ലഭിച്ച എയ്ഡഡ് സ്ക്കൂൾ അധ്യാപകർക്ക് ഡിവിഷൻ കുറയുന്നതുകാരണം ജോലി നഷ്ടപ്പെടുന്നതിന് സംരക്ഷണം നൽകാനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി):</u> 1997 ജൂലൈ 14-നു മുമ്പ് നിയമനം ലഭിച്ച എയ്ഡഡ് സ്ക്കൂൾ അധ്യാപകർക്ക് ഡിവിഷൻ കുറയുന്നതുകാരണം തൊഴിൽ നഷ്ടപ്പെടുമ്പോൾ സംരക്ഷണസംവിധാനം ഏർപ്പെടുത്തുന്നതുമൂലം ഓരോ വർഷവും ഭീമമായ തുകയാണ് ഗവണ്മെന്റിന് വഹിക്കേണ്ടിവരുന്നത്. എയ്ഡഡ് സ്ക്കൂൾ അധ്യാപകരെ സർക്കാർ സ്ക്കൂളുകളിൽ സംരക്ഷിക്കുന്നതുകൊണ്ട് പബ്ളിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം ലഭിക്കാനുള്ള അവസരം നിഷേധിക്കപ്പെടുന്നു എന്ന പരാതി റാങ്ക്ലിസ്റ്റിലുള്ളവരുടെ ഭാഗത്ത് നിന്നുണ്ടാകുന്നുണ്ട്. അതുകൊണ്ട് എയ്ഡഡ് സ്ക്കൂളുകളിൽ നിന്നും പുറത്താക്കപ്പെട്ട അധ്യാപകർക്ക് ജോലി സംരക്ഷണം നൽകണമെന്ന ആവശ്യത്തിന്മേൽ മറ്റു വകുപ്പുകളുമായി കൂടിയാലോചിച്ച് മാത്രമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

(6) <u>വൈപ്പിൻ-മൂത്തകുന്നം തീരദേശപാത</u>

<u>ശ്രീ. എം.കെ. പുരുഷോത്തമൻ:</u> വൈപ്പിൻ-മൂത്തകുന്നം തീരദേശ പാത യാഥാർത്ഥ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): ഫെഡോ തയ്യാറാക്കിയ വൈപ്പിൻ-മൂത്തകുന്നം തീരദേശപാതയുടെ അലൈൻമെന്റ് ഗോശ്രീ ഡെവലപ്മെന്റ് അതോറിറ്റി ജനറൽ കൗൺസിലും സർക്കാർ രൂപീകരിച്ച സബ് കമ്മിറ്റിയും അംഗീകരിച്ചിട്ടുണ്ട്. തൊള്ളായിരം കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ തീരദേശപാതയെ എൻ.എച്ച്.ഡി.പി. ഫേസ് 7-ൽ ഉൾപ്പെടുത്തി ആവശ്യമായ ധനസഹായം നൽകണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് എൻ.എച്ച്.എ. അധികൃതർ കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത പാതയ്ക്ക് സംസ്ഥാനഗവൺമെന്റ് ആവശ്യമായ തുടർപ്രവർത്തനങ്ങൾ നടത്തുന്നതാണ്.

(7) ചീമേനി വില്ലേജിലെ താമസക്കാർക്ക് വീട്ടുനമ്പർ

ശ്രീ. കെ. കുഞ്ഞിരാമൻ: തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചീമേനി വില്ലേജിൽ വീട് വച്ച് താമസിക്കുന്ന ചെറുകിട തൊഴിലാളി കുടുംബങ്ങൾക്ക് വീട്ടുനമ്പർ ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): കയ്യൂർ ചീമേനി പഞ്ചായത്തിലെ ചീമേനി വില്ലേജിലെ ചെറുകിട തൊഴിലാളികൾ താമസിക്കുന്ന ഭൂമി റവന്യൂ രേഖകൾ അനുസരിച്ച് മിച്ചഭൂമിയായിതനാൽ റവന്യൂ വകുപ്പ് പതിച്ചുനൽകുകയോ കൈവശാവകാശം നൽകുകയോ ചെയ്തിട്ടില്ല. റവന്യൂ വകുപ്പ് കൈവശാവകാശരേഖ നൽകുന്നവരുടെ സ്ഥലത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾക്ക് അനുസൃതമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് വീട്ടുനമ്പർ നൽകുന്നതാണ്.

(8) <u>പട്ടികവിഭാഗ കടാശ്വാസ കമ്മീഷൻ</u>

<u>ശ്രീ. കെ. അജിത്</u>: പട്ടികവിഭാഗക്കാരുടെ കടബാധ്യതയ്ക്ക് പരിഹാരം കാണുന്നതിനായി കടാശ്വാസ കമ്മീഷൻ രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് പട്ടിക ജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങളും പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങളും എടുത്തിട്ടുള്ളതും 31-03-2006-നുമുമ്പ് തിരിച്ചടവ് കാലാവധി അവസാനിച്ചതുമായ 25,000 രൂപവരെയുള്ള വായ്പകൾ എഴുതിത്തള്ളാനും അതിനു മുകളിലുള്ള കടങ്ങൾ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണയായി അടയ്ക്കുന്നതിനും റെക്കവറി നടപടികൾ നിറുത്തിവയ്ക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

(9) <u>എറണാകുളം കളക്ടറേറ്റിലെ സ്ഫോടനം</u>

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ.എ.എം. യൂസഫ്, ശ്രീ. ബാബു പോൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങളും നോട്ടീസ് നൽകിയിട്ടുണ്ട്.)

<u>ശ്രീ. കെ. ബാബു</u> : 10-07-2009-ന് എറണാകുളം കളക്ടറേറ്റ് സ്ഥിതിചെയ്യുന്ന കാക്കനാട് സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ അഞ്ചാം നിലയിലുണ്ടായ ബോംബ് സ്ഫോടനത്തെത്തുടർന്ന് ജീവനക്കാർക്കും പരിസരവാസികൾക്കുമുണ്ടായിട്ടുള്ള ആശങ്ക അകറ്റുന്നതിനും കുറ്റവാളികളെ കണ്ടെത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ.കോടിയേരി ബാലകൃഷ്ണൻ)</u> : 10-07-2009-ന് ഉച്ചയ്ക്കുശേഷം 3.15-ന് എറണാകുളം

കളക്ടറേറ്റ് സ്ഥിതി ചെയ്യുന്ന സിവിൽ സ്റ്റേഷന്റെ അഞ്ചാം നിലയിലുണ്ടായ സ്ഫോടനത്തിൽ പരിക്കേറ്റ സർവ്വേ ഡിപ്പാർട്ട്മെന്റ് പ്യൂൺ ജാഫറിന്റെ മൊഴി യുടെ അടിസ്ഥാനത്തിൽ തൃക്കാക്കര പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടു ണ്ട്. സ്ഫോടനത്തെ സംബന്ധിച്ച് സയന്റിഫിക് വിദഗ്ദ്ധർ, കൺട്രോളർ ഓഫ് എക്സ്പ്ളോസീവ്സ് തുടങ്ങിയവർ പരിശോധന നടത്തുകയും ഡോഗ് സ്ക്വാഡിന്റെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സംഭവസ്ഥലത്തു നിന്നും ലഭിച്ച തെളിവുകൾ വിശദമായ രാസപരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഡി.ജി.പി. ഉൾപ്പെടെയുള്ള ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ സംഭവസ്ഥലം സന്ദർശിച്ചിട്ടുണ്ട്. പ്രസ്തുത കേസ് സമഗ്രമായി അന്വേഷിക്കുന്നതിന് എറണാ കുളം റേഞ്ച് ഐ.ജി., കൊച്ചി സിറ്റി പോലീസ് കമ്മിഷണർ എന്നിവർ ഉൾപ്പെ ടുന്ന പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. സർക്കാർ സ്ഥാപ നങ്ങളുടെ സുരക്ഷ ശക്തിപ്പെടുത്തുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വ ത്തിലുള്ള കമ്മിറ്റി വിവിധ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സുരക്ഷാ ആഡിറ്റിന്റെ ഭാഗമായി ഓരോ ആഫീസിനും സാഹചര്യം അനുസ രിച്ച് സുരക്ഷാ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അടിയ ന്തിര പ്രാധാന്യത്തോടുകൂടി നടപ്പിലാക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചും ഉന്നത ഉദ്യോഗസ്ഥർ അടങ്ങുന്ന സമിതി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ ആഫീസുകൾ, റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ, മറ്റ് പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സുരക്ഷ ശക്തമാക്കുന്ന തിനും പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്ന തിനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉന്നത ഉദ്യോഗസ്ഥർ അടങ്ങുന്ന ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സുരക്ഷാ

നടപടികളുമായി ബന്ധപ്പെട്ട് കളക്ടറേറ്റുകൾ പ്രത്യേകമായി പരിശോധിച്ച് ചില തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്. ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ സന്ദർശകർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ സെക്യൂരിറ്റി സംവിധാനം ശക്തിപ്പെടുത്തുന്നതാണ്.

(10) സ്വാശ്രയ കോളേജുകളിലെ നോൺ ടീച്ചിംഗ് വിഭാഗം നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. രാജു എബ്രഹാം : സ്വാശ്രയ കോളേജുകളിലെ ഇരുപതിനായിരത്തോളം വരുന്ന നോൺ ടീച്ചിംഗ് വിഭാഗം ജീവനക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അൺ എയ്ഡഡ് കോളേജുകളിലെ അധ്യാപക-അനധ്യാപക ജീവനക്കാർക്ക് സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(11) ശുദ്ധജല വിതരണ പദ്ധതി

ശ്രീ. കെ.വി. കുഞ്ഞിരാമൻ : 40 ദശലക്ഷം ലിറ്റർ വെള്ളം പൊതുജനങ്ങൾക്ക് എത്തിച്ചുകൊടുക്കാൻ കഴിയുന്ന ബേക്കൽ ശുദ്ധജല വിതരണ പദ്ധതി കമ്മിഷൻ ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : ബേക്കൽ ശുദ്ധജല വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റിയും ബേക്കൽ ടൂറിസം വികസന കോർപ്പറേഷനും തമ്മിൽ ഒരു ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് ടൂറിസം വകുപ്പുമന്ത്രിയുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ ഇരുപത്തി അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ക്രമപ്രശ്നം**

<u>കാര്യോപദേശക സമിതി യോഗം</u>

<u>ശ്രീ. കെ.എം. മാണി</u> : നൂറിൽ ചില്ല്വാനം ഓർഡിനൻസുകൾ നിയമമാക്കുന്നതുൾപ്പെടെ നിരവധി കാര്യങ്ങൾ ചർച്ച ചെയ്യാനിരിക്കെ കാര്യോപദേശക സമിതി 13-7-2009-ന് യോഗം ചേർന്ന് നിയമസഭയുടെ നടപ്പുസമ്മേളനം 2009 ജൂലായ് 23-ന് അവസാനിപ്പിക്കാൻ ശുപാർശ ചെയ്ത നടപടി ക്രമവിരുദ്ധമാണ്. ഇക്കാര്യം കാര്യോപദേശക സമിതി പുന:പരിശോധിക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധ്കൃഷ്ണൻ</u> : വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രതിപക്ഷത്തോട് ആലോചിക്കാതെ കാര്യോപദേശക സമിതി കൂടി നിയമസഭയുടെ നടപ്പു സമ്മേളനം 2009 ജൂലായ് 23-ന് അവസാനിപ്പിക്കാൻ ശുപാർശ ചെയ്ത നടപടി കാര്യോപദേശക സമിതി പുന:പരിശോധിക്കുകയും ഇതു സംബന്ധിച്ച് സഭയിൽ അര മണിക്കൂർ ചർച്ച നടത്തുകയും വേണം.

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> 29-7-2009 വരെ ഷെഡ്യൂൾ ചെയ്തിരുന്ന കാര്യപരിപാടി 23-7-2009 വരെയാക്കി വെട്ടിച്ചുരുക്കിയെന്ന ആരോപണം പൂർണ്ണമായും നിഷേധിക്കുകയാണ്. സഭാ നടപടികൾ ഒരു രൂപത്തിലും വെട്ടിച്ചുരുക്കിയിട്ടില്ല. സമ്പൂർണ്ണ ബഡ്ജറ്റ് സമ്മേളനമായതിനാൽ അതിന്റെ ഭാഗമായി വരുന്ന സപ്ലിമെന്ററി ഡിമാന്റ്സ്

ഫോർ ഗ്രാന്റ്സ്, അപ്രോപ്രിയേഷൻ ബില്ലുകൾ തുടങ്ങിയ എല്ലാ ബിസിനസ്സും 23-ാം തീയതികൊണ്ട് പൂർത്തീകരിക്കപ്പെടും. 24-ാം തീയതി വെള്ളിയാഴ്ചയാണ്. 27, 28, 29 എന്നീ തീയതികളിൽ നിയമനിർമ്മാണം നടത്താനാണ് ഉദ്ദേശിച്ചിരുന്നത്. എല്ലാ ബിസിനസ്സുകളും പൂർത്തീകരിക്കപ്പെടുന്നതുകൊണ്ട് ബി.എ.സി. യിലെ പൊതുനിർദ്ദേശം അംഗീകരിക്കുകയാണുണ്ടായത്. അല്ലാതെ ദുരുദ്ദേശപരമായി ഒന്നുമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സഭാ സമ്മേളന ദിവസങ്ങൾ വെട്ടിച്ചുരുക്കുന്നതുമൂലം 7 ഓർഡിനൻസുകൾ റീ-ഇഷ്യൂ ചെയ്യേണ്ടതായിട്ടുണ്ട്. അഭിപ്രായ സമന്വയമില്ലാതെ സഭാസമ്മേളനം അവസാനിപ്പിച്ച് ഓർഡിനൻസ് റീ-ഇഷ്യൂ ചെയ്യാൻ പോകുന്നത് വിരോധാഭാസമാണ്.

**റൂളിംഗ്**

മി. സ്പീക്കർ: XII-ാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം 2009 ജൂലൈ മാസം 29-ാം തീയതിവരെ കൂടുന്നതിന് കലണ്ടർ തയ്യാറാക്കിയെങ്കിലും ഇന്നലെ കൂടിയ ബി.എ.സി. യോഗത്തിൽ ഗവൺമെന്റ് ബിസിനസ്സുകൾ 23-ന് അവസാനിപ്പിക്കാൻ തീരുമാനിക്കുകയാണുണ്ടായത്. ഇത് തികച്ചും ഒരു സാധാരണ നടപടിക്രമമാണ്. മുമ്പും സഭാ സമ്മേളന ദിവസങ്ങൾ വെട്ടിക്കുറച്ചിട്ടുണ്ട്. അഭിപ്രായ സമന്വയത്തോടെയാവണം കാര്യങ്ങൾ തീരുമാനിക്കേണ്ടത് എന്ന വാദം ശരിയാണ്. 15-ാം തീയതിയിലെ ബിസിനസ്സ് തീരുമാനിക്കുന്നതിനുവേണ്ടിയാണ് ഇന്നലെ ബി.എ.സി. അടിയന്തിരമായി കൂടേണ്ടിവന്നത്. ഇക്കാര്യം എല്ലാ അംഗങ്ങളേയും മുൻകൂട്ടി അറിയിച്ചിരുന്നു. ഇത് ഏകപക്ഷീയമായ തീരുമാനമല്ല. നിയമസഭാ സമ്മേളനം

കൂടുതൽ സമയം കൂടേണ്ടതാണ് എന്ന അഭിപ്രായത്തോട് ചെയർ യോജിക്കുകയാണ്.

ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഇരുപത്തഞ്ചാമത് റിപ്പോർട്ട് പരിഗണനയ്ക്കെടുത്തു.

ശ്രീ. ആര്യാടൻ മുഹമ്മദ്: "This House disagree with this report" എന്ന ഭേദഗതി അവതരിപ്പിക്കുന്നു.

46 ബില്ലുകളും 7 ഓർഡിനൻസുകളും നിയമസഭയുടെ പരിഗണനയ്ക്കിരിക്കെ അത്യാവശ്യമായ ഫിനാൻഷ്യൽ ബിസിനസ്സും 2008-ലെ കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബില്ലും മാത്രം പരിഗണിച്ചശേഷം നിയമസഭാ സമ്മേളനം വെട്ടിച്ചുരുക്കാൻ ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി തീരുമാനിച്ചത് ജനാധിപത്യവിരുദ്ധമാണ്.

ശ്രീ. കെ.സി. ജോസഫ്: "The report be referred back to the Committee without limitation".

നിയമസഭാ സമ്മേളനം 2009 ജൂലൈ 23-ാം തീയതി അവസാനിപ്പിക്കുന്നതിന് ബി.എ.സി. യോഗത്തിൽ ഏകപക്ഷീയമായി തീരുമാനിച്ചത് ശരിയായില്ല. 2009 ജൂലൈ 20-ാം തീയതി ഹൈന്ദവാചാരപ്രകാരം പിതൃ തർപ്പണത്തിന്റെ തലേദിവസമായതിനാൽ അന്നത്തെ സഭാസമ്മേളനം മാറ്റിവയ്ക്കണമെന്ന് നേരത്തെ ആവശ്യപ്പെട്ടിരുന്നെങ്കിലും സഭ ചേരാൻ തീരുമാനിച്ചിരി

ക്കുകയാണ്. ഗവർണ്ണർ സമൺ ചെയ്തതനുസരിച്ച് ജൂലൈ 29 വരെ സഭ സമ്മേളിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പെന്റിംഗിലുണ്ടായിരുന്ന എല്ലാ ഓർഡിനൻസുകളും പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചുചേർത്ത് നിയമമാക്കിയിട്ടുണ്ട്. 2008 സെപ്റ്റംബറിനുശേഷമുള്ള ഓർഡിനൻസുകൾ പ്രത്യേക നിയമസഭാ സമ്മേളനം ചേർന്ന് നിയമമാക്കാനാണ് ഉദ്ദേശിക്കുന്നത്. 2009 ജൂലൈ മാസം 20-ാം തീയതി സമ്മേളനത്തിന് അവധി കൊടുക്കേണ്ടതില്ലെന്ന് ബി.എ.സി. യിൽ തീരുമാനിച്ചിരുന്നെങ്കിലും പ്രതിപക്ഷം സഹകരിക്കുകയാണെങ്കിൽ 23-നുമുമ്പ് ഒരു ദിവസം ഉച്ചയ്ക്കുശേഷമിരുന്ന് 20-ാം തീയതിയിലെ ബിസിനസ് പൂർത്തീകരിക്കുന്നതിനും അവധി നൽകുന്നതിനും സർക്കാരിന് യാതൊരു വൈമനസ്യവുമില്ല. അതുകൊണ്ട് ബി.എ.സി. റിപ്പോർട്ട് അംഗീകരിക്കണം.

ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. കെ.സി ജോസഫ് എന്നിവർ അവതരിപ്പിച്ച ഭേദഗതികൾ 25 നെതിരെ 72 വോട്ടുകളോടെ സഭ നിരാകരിച്ചു.

കാര്യോപദേശക സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് 27 നെതിരെ 73 വോട്ടുകളോടെ സഭ അംഗീകരിച്ചു.

**ധനകാര്യം**

2009-2010 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ

ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു:

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ

(324,10,77,000 രൂപ)

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു:

ധനാഭ്യർത്ഥന നമ്പർ XL - തുറമുഖങ്ങൾ

(35,43,13,000 രൂപ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രിക്കു വേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

(സർവ്വശ്രീ ബി. ബാബു പ്രസാദ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, വി.ഡി. സതീശൻ, എൻ. ശക്തൻ, ടി.എൻ. പ്രതാപൻ, തേറമ്പിൽ രാമകൃഷ്ണൻ, വർക്കല കഹാർ, ജോർജ് മേഴ്സിയർ, ജി. കാർത്തികേയൻ, ആര്യാടൻ മുഹമ്മദ്, കെ.സി. ജോസഫ്, കെ. ബാബു, സി.ടി. അഹമ്മദ് അലി, പി.കെ. അബ്ദുറബ്ബ്, എം. ഉമ്മർ, അബ്ദുറഹിമാൻ രണ്ടത്താണി, തോമസ് ചാഴികാടൻ, ജോസഫ് എം. പുതുശ്ശേരി, കെ.കെ. ഷാജു, തോമസ് ചാണ്ടി,

പ്രൊഫ. എൻ. ജയരാജ്, എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

<u>ശ്രീ. വർക്കല കഹാർ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു.കൂട്ടുത്തര വാദിത്വമില്ലാത്ത മന്ത്രിസഭയാണിത്. കേരളത്തിൽ മുതൽ മുടക്കാൻ ആരും തയ്യാറാകാത്തതിനാൽ പുതിയ വൻകിട വ്യവസായങ്ങളൊന്നും ഉണ്ടായിട്ടില്ല.. റിയൽ എസ്റ്റേറ്റ് മാഫിയ മാത്രമാണുള്ളത്. വ്യവസായങ്ങൾ കാലോചിതമായി റീസ്ട്രക്ച്ചർ ചെയ്യണം. റീ-സ്ട്രക്ച്ചറിംഗിന് വിധേയമാക്കിയിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾ മാത്രമാണ് ഇന്ന് ലാഭത്തിൽ പ്രവർത്തിക്കുന്നത്. ടെക്സ്റ്റൈൽ മില്ലുകളും സ്പിന്നിംഗ് മില്ലുകളും മോഡണൈസ് ചെയ്യണം. പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി, കശുവണ്ടി, ഖാദി മേഖലകളിൽ കാര്യമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. കൈത്തറി മേഖലയിൽ കേന്ദ്ര സർക്കാർ അനുവദിച്ച തുകപോലും യഥാസമയം ചെലവഴിച്ചിട്ടില്ല. കൈത്തറി സംഘങ്ങൾക്ക് തുണി സംഭരിച്ച വകയിൽ വൻതുക ഹാന്റെക്സ് നൽകാനുണ്ട്. ഹാന്റക്സിൽ താല്ക്കാലികമായി നിയമിച്ചവരെ സ്ഥിരപ്പെടുത്താനുള്ള ശ്രമം അവസാനിപ്പിക്കണം. വ്യാവസായിക സ്ഥാപനങ്ങളുടെ ഇൻഫ്രാസ്ട്രക്ടച്ചർ ഫെസിലിറ്റീസ് വർദ്ധിപ്പിക്കാൻ കഴിയണം. റെയിൽവേ വികസനപദ്ധതികൾ ആസുത്രണം ചെയ്ത് നടപ്പാക്കണം. ടെക്നോസിറ്റി പദ്ധതി നഷ്ടപ്പെടു ത്താൻ ഇടവരരുത്. ഐ.ടി. വ്യവസായ രംഗം അഭിവൃദ്ധിപ്പെടുത്തണം. സ്പെഷ്യൽ ഇക്കണോമിക് സോണുകൾ പ്രാവർത്തികമാക്കാൻ തയ്യാറാക ണം. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ ഐ.ടി. കേന്ദ്രങ്ങളെ ഐ.ടി. ഹബ്ബുകളായി വികസിപ്പിക്കണം. സ്പെഷ്യൽ ഇക്കണോമിക് സോണുകൾ പ്രാവർത്തികമാക്കാൻ തയ്യാറാകണം.

<u>ശ്രീ. ബി. രാഘവൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പരമ്പരാഗത വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനായി വിവിധ വികസന പരിപാടികളാണ് സർക്കാർ നടപ്പാക്കുന്നത്. കയറ്റുമതി മേഖലയുടെ തകർച്ചയും സാമ്പത്തിക പ്രതിസന്ധിയും തരണം ചെയ്യാൻ 20,000 കോടി രൂപയുടെ പാക്കേജ് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അതിൽ സംസ്ഥാന വിഹിതമൊന്നും നൽകിയിട്ടില്ല. കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾക്കുള്ള വിഹിതവും നാമമാത്രമാണ്. ലാഭകരമായി പ്രവർത്തിക്കുന്നതും ലാഭകരമാക്കാൻ സാധിക്കുന്നതുമായ വ്യവസായങ്ങളുടെ 5 മുതൽ 15 ശതമാനം വരെയുള്ള ഓഹരികൾ വിൽക്കാനാണ് കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 17 കമ്പനികളുടെ സ്വത്തുക്കൾ വിൽക്കാനും അടച്ചുപൂട്ടാനും ശ്രമിച്ചെങ്കിലും തൊഴിലാളികളുടെ ശക്തമായ എതിർപ്പിന്റെ ഫലമായി അതിന് സാധിച്ചില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തി ലാക്കാൻ കഴിഞ്ഞു. ഉൽപാദനക്ഷമത വർദ്ധിപ്പിച്ചും വിപണനം മെച്ചപ്പെടു ത്തിയും കാര്യക്ഷമതയുള്ള പ്രൊഫഷണലുകളേയും സ്കിൽഡ് ലേബറേഴ്സിനെയും നിയമിച്ചും 28 കമ്പനികളെ ലാഭത്തിലാക്കാൻ കഴിഞ്ഞു. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കൊല്ലത്തെ യുണൈറ്റഡ് ഇലക്ട്രി ക്കൽ കമ്പനിയെ ലാഭത്തിലാക്കാൻ സാധിച്ചു. കമ്പനി ഉൽപ്പാദിപ്പിക്കുന്ന മീറ്റർ കെ.എസ്.ഇ.ബി. വാങ്ങുന്നുവെന്നുള്ളത് ശ്രദ്ധേയമാണ്. എൻ.ടി.പി. സി.യുമായി സംയുക്ത കരാറിലേർപ്പെട്ടതിന്റെ ഫലമായി അങ്കമാലിയിലെ ടെൽക്ക് ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. സംസ്ഥാന ഗവണ്മെന്റ് വ്യവസായങ്ങൾ ലാഭത്തിലാക്കുന്നതിന് സ്വീകരിച്ച പ്രവർത്തനങ്ങൾക്ക് കേന്ദ്ര

സർക്കാരിന്റെ ഭാഗത്ത് നിന്നും അനുകൂലമായ നടപടികളുണ്ടാവുകയും അർഹതപ്പെട്ട വിഹിതം വാങ്ങിയെടുക്കാൻ സാധിക്കുകയും ചെയ്തുവെന്നുള്ളത് ശ്ളാഘനീയമാണ്. കശുവണ്ടി വ്യവസായത്തെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. സി. ടി. അഹമ്മദ് അലി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ വൻ വ്യവസായ പദ്ധതികളെക്കുറിച്ചുള്ള അവകാശ വാദങ്ങളും കോടിക്കണക്കിന് രൂപയുടെ മൂലധനമുടക്കുകളുടെ പ്രഖ്യാപനവും മാത്രമാണ് നടക്കുന്നത്. ധാരണാ പത്രം ഒപ്പുവച്ച പദ്ധതികൾപോലും പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര മുതൽമുടക്കോടുകൂടി കേരളത്തിൽ ആരംഭിക്കാനിരിക്കുന്ന വൻകിട പദ്ധതികൾ പോലും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള താൽപര്യക്കുറവ് കാരണം നടപ്പിലാകുന്നില്ല. സ്ഥലമേറ്റെടുത്തു കൊടുക്കുന്നതിലെ കാലതാമസംകാരണം കഞ്ചിക്കോട്ടെ കോച്ച് ഫാക്ടറി, ചേർത്തലയിലെ വാഗൺ ഫാക്ടറി, ഇടുക്കിയിലെ സ്പൈസസ് പാർക്ക്, കിൻഫ്രയുടെ വൻ വ്യവസായ പാർക്കുകൾ ഇവയെല്ലാം തടസ്സപ്പെട്ട് കിടക്കുകയാണ്. 10 ഐ.ടി. പാർക്കുകൾ തുടങ്ങുമെന്നും ഐ.ടി. പാർക്കിന്റെ അടിസ്ഥാന വികസനത്തിന് 2215 കോടി രൂപ മുടക്കുമെന്നുമുള്ളത് ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഒതുങ്ങി നിൽക്കുകയാണ്. 2005-ൽ ലോകബാങ്ക് തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ കേരളം രണ്ടാം സ്ഥാനത്തായിരുന്നെങ്കിൽ 2008-09-ൽ 20-ാം സ്ഥാനത്തേയ്ക്ക് പിന്തള്ളപ്പെട്ടിരിക്കുകയാണ്. സ്മാർട്ട് സിറ്റി വെറും സ്വപ്നം മാത്രമായി അവശേഷിച്ചിരിക്കുന്നു. എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 11 ലക്ഷത്തോളം പേർ പേര് രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുമ്പോൾ സംസ്ഥാന

ത്തിന്റെ വികസന പദ്ധതികൾ ഒന്നൊന്നായി നശിച്ചുകൊണ്ടിരിക്കുന്ന കാഴ്ച യാണ് കാണാൻ സാധിക്കുന്നത്. സംസ്ഥാനത്തിന്റെ വ്യവസായ വികസന മേഖലയെ സംരക്ഷിക്കാൻ സർക്കാരിന് കഴിയുന്നില്ല. ഓരോ നിയോജകമ ണ്ഡലത്തിലും ഒരു വ്യവസായ പാർക്ക് എന്ന പദ്ധതി നടപ്പിലാക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടു ത്തുന്നതിന് ആവശ്യമായ ജീവനക്കാരെ നൽകുകയും ഫണ്ട് അനുവദിക്കു കയും ചെയ്യണം. കാസർഗോഡുള്ള 'കെൽ' യൂണിറ്റ് വികസിപ്പിക്കാനാവശ്യ മായ നടപടി സ്വീകരിക്കണം. കെ.എസ്.ഐ.ഡി.സി. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ നടത്തിയ സംഗമങ്ങൾ മുഖേന 9.23 കോടി രൂപ മുതൽമുടക്കുള്ള 22 വ്യവസായ സംരംഭങ്ങൾ മാത്രമാണ് ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ളത്. വ്യവസായ സ്ഥാപനങ്ങളെ റീ-സ്ട്രക്ച്ചർ ചെയ്തുകൊണ്ട് ലാഭത്തിലാക്കാൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കഴിഞ്ഞിരുന്നു. കാസർഗോഡുള്ള കിൻഫ്രാ പാർക്കിന്റെ വികസനത്തിനും ആസ്ട്രൽ വാച്ചസ് തുറന്നു പ്രവർത്തിപ്പിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരി ക്കണം. വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലകളിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുകയും വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ വികസിപ്പിക്കുകയും ചെയ്യണം. കൂടുതൽ സിഡ്കോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും ആരംഭിക്കുകയും ഉള്ളവ വികസിപ്പിക്കുകയും ചെയ്യണം. സബ്സിഡികളും മറ്റ് ആനുകൂല്യ ങ്ങളും നൽകി പ്രവാസികളുടെ മൂലധന നിക്ഷേപം കേരളത്തിലേയ്ക്ക് ആകർഷിപ്പിക്കണം. ലോക വിപണിയിൽ ഗുണനിലവാരമുള്ളതും

ആകർഷകവുമായ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനാവശ്യമായ നടപടി സ്വീക രിക്കണം. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വ്യവസായ മേഖലയിൽ പണി യെടുക്കുന്ന തൊഴിലാളികളുടെ വേതനവും മറ്റാനുകൂല്യങ്ങളും ഏകീകരി ക്കാനും സംസ്ഥാനത്ത് അടഞ്ഞുകിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറ ന്നുപ്രവർത്തിപ്പിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. ബാബുപോൾ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പരമ്പരാ ഗത വ്യവസായ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാനുള്ള നടപടികളുമായി ട്ടാണ് ഈ സർക്കാർ മുന്നോട്ട് പോകുന്നത്. അടഞ്ഞുകിടന്നതും പൂട്ടാൻ തീരുമാനിച്ചിരുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പി ക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചതിലൂടെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന വിറ്റുവരവാണ് ഈ കാലയളവിലുണ്ടായിട്ടുള്ളത്. കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ കഴിഞ്ഞത് വലിയ നേട്ടമാണ്. ഇൻഡ്യയിൽ മികച്ച നിക്ഷേപ സാദ്ധ്യതയുള്ള രണ്ടാമത്തെ സംസ്ഥാനമാണ് കേരളം. ഈ സർക്കാരിന്റെ കാലയളവിൽ 20,000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് വന്നുകൊണ്ടിരിക്കുന്നത്. വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സ്ഥലമെടുപ്പും മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും നടക്കുകയാണ്. കൈത്തറി വ്യവസായ മേഖലയിലെ റിബേറ്റ് കുടിശ്ശിക കൊടുത്തുത്തീർത്തു. കൈത്തറി, ഖാദി മേഖലയിൽ കൂടുതൽ തൊഴിലവസര ങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. കണ്ണൂരിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിക്ക് തറക്കല്ലിട്ടത് സ്വാഗതാർഹമാണ്. ഈറ്റ, മുള വ്യവസായങ്ങളെ ആധുനികവൽക്കരിച്ച് വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞതും ബീഡി വ്യവസായ തൊഴിലാളികൾക്ക് പെൻഷൻ ഏർപ്പെടുത്തി

യതും നേട്ടങ്ങളാണ്. ചെറുകിട വ്യവസായ മേഖലയിലുണ്ടായിരുന്ന പ്രശ്നങ്ങൾ പരിഹരിച്ച് കൂടുതൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വൈക്കത്ത് ഫ്ളോട്ടിംഗ് വില്ലേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം. മലബാർ സിമന്റ്സിന്റെ ചേർത്തല യൂണിറ്റിന്റെ പ്രവർത്തനം പുനരാരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. വ്യവസായ സംരംഭകരോട് ബാങ്കുകൾ സ്വീകരിക്കുന്ന നിഷേധാത്മക സമീപനം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. മൂവാറ്റുപ്പുഴ മണ്ഡലത്തിൽ ഗ്രാഫൈറ്റ് സംസ്ക്കരിച്ച് വിപണനം നടത്തുന്നതിനുള്ള പ്രോജക്ടിന് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇടതുമുന്നണി സർക്കാർ പ്രകടന പത്രികയിലെ പ്രഖ്യാപനങ്ങളൊന്നും തന്നെ നടപ്പിലായിട്ടില്ല. കച്ചവട കണ്ണോടുകൂടിയുള്ള സർക്കാരിന്റെ സമീപനമാണ് കേരളത്തിലേക്ക് നിക്ഷേപകർ വരാത്ത അവസ്ഥയുണ്ടാക്കിയത്. സ്മാർട്ട് സിറ്റി പദ്ധതി പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാരിന് കഴിഞ്ഞില്ല. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ശംഖുമുഖം മുതൽ വേളി വരെയുള്ള ഭാഗത്ത് കടൽ നികത്തുന്നതിനുള്ള തീരുമാനം നടപ്പായാലുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചും നിയമപ്രശ്നങ്ങളെക്കുറിച്ചും ഗൗരവമായി ആലോചിക്കണം. നഷ്ടത്തിലായിരുന്ന കെ.എം.എം.എൽ നെ ലാഭത്തിലാക്കിയ സി.എം.ഡി.യെ പുറത്താക്കിയതിന്റെ കാരണം വ്യക്തമാക്കണം. പൊല്യൂഷൻ സംബന്ധിച്ച് സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റിയുടെ നോട്ടീസ് കെ.എം.എം.എൽ-ന് ലഭിച്ചിട്ടും അത്

പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കാതെ മുന്നോട്ട് പോകുന്നത് ആശാസ്യമല്ല.

ശ്രീ. ജോസ് തെറ്റയിൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു പരമ്പരാഗത വ്യവസായത്തിന്റെ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ ശാക്തീകരണം, ചെറുകിട വ്യവസായ സംരഭങ്ങൾക്ക് സബ്സിഡി എന്നിവ വ്യവസായ വളർച്ചയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ട്. ഈറ്റ, പനമ്പ് എന്നീ വ്യവസായ മേഖലകളെ അഭിവൃദ്ധിപ്പെടുത്തിയതും ബാംബൂ കോർപ്പറേഷനെ ലാഭത്തിലാക്കിയതും അങ്കമാലിയിലെ ടെൽകിനെ പുനരുജ്ജീവിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചതും സ്വാഗതാർഹമാണ്.. ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം 12-ൽ നിന്നും 23 ആക്കി ഉയർത്താൻ കഴിഞ്ഞതും ലാഭം വർദ്ധിപ്പിക്കാൻ കഴിഞ്ഞതും സർക്കാരിന്റെ നേട്ടമാണ്. പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ തൊഴിൽ ഉറപ്പുവരുത്തുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാക്കിയശേഷമേ കരിങ്കൽ ക്വാറികൾ അനുവദിക്കാവൂ. ഈ മേഖലയിൽ ആരോഗ്യകരമായ നിയന്ത്രണം ഏർപ്പെടുത്തുകയും ഒരു കൺസോർഷ്യം രൂപീകരിക്കുകയും വേണം. കിൻഫ്രയുടെ നേതൃത്വത്തിൽ 500 ഏക്കറോളം സ്ഥലം ഏറ്റെടുത്ത് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം. എൻജിനീയറിംഗ് വർക്ക്ഷോപ്പുകൾക്കുവേണ്ടി ഒരു ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കണം. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഖാദി വില്പനയിൽ 20 ശതമാനം വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞു.

<u>ശ്രീ. വി. സുരേന്ദ്രൻ പിള്ള</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുകയും ലാഭത്തിലാക്കുകയും ചെയ്തു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ചൗധരി കമ്മീഷൻ റിപ്പോർട്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ വിൽക്കാനും അവിടത്തെ തൊഴിലാളികളെ വി.ആർ.എസ്. നൽകി പിരിച്ചുവിടാനുമുള്ള നടപടികളുമായാണ് മുന്നോട്ട് പോയതെങ്കിൽ ഇന്ന് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ ലാഭത്തിൽ പ്രവർത്തിക്കുകയാണ്. കെൽടെക്കിന്റെ 1000 കോടി രൂപയുടെ മൂന്നാംഘട്ട വികസന പ്രവർത്തനങ്ങൾ ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ സമയബന്ധിതമായി നടപ്പാക്കണം.

<u>ശ്രീ. എ. എ. അസീസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാരിന്റെ വ്യവസായ നയം വ്യാവസായിക പുരോഗതിക്ക് ഉതകുന്നതും തൊഴിലാളികളുടെ തൊഴിലിനും കൂലിക്കും സംരക്ഷണം നൽകുന്ന തരത്തിലുള്ളതുമാണ്. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാനും അടച്ചുപൂട്ടിയിരുന്നവയെ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും നവീകരിക്കാനും നടപടികളെടുത്തു. പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും നടപടികളെടുക്കുകയും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പി ക്കുകയും ചെറുകിട വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ചെയ്തു. ചവറ കെ.എം.എം.എൽ-ഉം ഐ.എസ്.ആർ.ഒ.യും സംയുക്തമായി ആരംഭിക്കുന്ന പ്രതിവർഷം 500 ടൺ ഉല്പാദന ശേഷിയുള്ള ടൈറ്റാനിയം

സ്പോഞ്ച് നിർമ്മാണ ഫാക്ടറി പ്രവർത്തിപ്പിക്കുന്നതിനുള്ള പദ്ധതി പുരോഗതിയിലാണ്. മുൻ ഗവൺമെന്റിന്റെ കാലത്ത് ടൈറ്റാനിയം ഫാക്ടറിയിലുണ്ടായ അഴിമതി സംബന്ധിച്ചുള്ള അന്വേഷണം കാര്യക്ഷമമാക്കണം. മുൻ സർക്കാരിന്റെ കാലത്ത് വില്ക്കാൻ തീരുമാനിച്ചിരുന്ന കെൽട്രോൺ കൗണ്ടേഴ്സിനേയും കൊല്ലം മീറ്റർ കമ്പനിയേയും ലാഭകരമാക്കി പ്രവർത്തിപ്പിക്കുന്നതിന് നടപടികളെടുക്കുകയും ഉല്പാദനക്ഷമതയും ഉല്പന്നങ്ങളുടെ ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി കരാറുണ്ടാക്കുകയും ചെയ്തു. അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന ടെക്സ്റ്റയിൽ മില്ലുകളെ സംരക്ഷിക്കണം. നീണ്ടകര മൈനർ പോർട്ടിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. തങ്കശ്ശേരി പോർട്ട് യാഥാർത്ഥ്യ മാക്കിയതിൽ ഈ സർക്കാരിനെ അഭിനന്ദിക്കുന്നു.

<u>ശ്രീ. ആർ. സെൽവരാജ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാരിന്റെ മൂന്നുവർഷത്തെ പ്രവർത്തനംകൊണ്ട് വ്യവസായ മേഖലയിൽ ഒരു പുത്തനുണർവ് സൃഷ്ടിക്കാൻ കഴിഞ്ഞു. ആർ.സി. ചൗധരി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 27 പൊതുമേഖലാ സ്ഥാപനങ്ങളെ വിൽക്കാനാണ് കഴിഞ്ഞ സർക്കാർ തീരുമാനിച്ചിരുന്നതെങ്കിൽ പല വ്യവസാ യങ്ങളെയും ലാഭത്തിലാക്കാൻ ഈ ഗവണ്മെന്റിന് സാധിച്ചു. പരമ്പരാഗത വ്യവസായങ്ങളെ തകർക്കുന്ന സമീപനമായിരുന്നു യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിരുന്നതെങ്കിൽ ഈ സർക്കാർ പരമ്പരാഗത മേഖലയിൽ വമ്പിച്ച കുതിച്ചുകയറ്റമാണുണ്ടാക്കിയത്. ബാലരാമപുരത്ത് ഹാൻടെക്സ് പ്രോസസ്സിംഗ് ഹൗസിൽ ഹാന്റലൂം ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചുകൊണ്ട് വളരെ വിദഗ്ദ്ധമായ പരിശീലനം നൽകുന്നതിനുള്ള

നടപടികളുമായി മുന്നോട്ടുപോകുന്നത് സ്വാഗതാർഹമാണ്. പാറശ്ശാല നിയോജകമണ്ഡലത്തിലെ കൊല്ലയിൽ പഞ്ചായത്തിലെ മഞ്ചവിളാകത്ത് സ്ഥിതിചെയ്യുന്ന കൈത്തറി ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന കേന്ദ്രത്തിന്റെ പ്രവർത്തനത്തിന് സർക്കാർ ഒട്ടേറെ സഹായങ്ങൾ ചെയ്തത് ശ്രദ്ധേയമാണ്. കൈത്തറി കേന്ദ്രങ്ങളുടെ ക്ലസ്റ്ററുകൾ നടപ്പാക്കിയതും പൊഴിയൂരിലെ ഇന്റഗ്രേറ്റഡ് പവർ ലൂം പ്രോജക്ട് തുറന്ന് പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിച്ചതും ഖാദി മേഖലയ്ക്ക് പുതുജീവൻ നൽകിയതും ഈ സർക്കാരാണ്. ഖാദി മേഖലയിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും സമഗ്ര വികസനം മുൻനിറുത്തിയുള്ള ചർച്ചകൾക്കുമായി കോഴിക്കോട് വച്ച് കേരള ഖാദി സംഗമം നടത്തിയത് ചരിത്രത്തിലാദ്യമായുണ്ടായ സംഭവമാണ്. സംസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കൊച്ചിയിലെ മേജർ തുറമുഖവും 17 മൈനർ തുറമുഖങ്ങളുമുള്ളതിൽ ആറ് തുറമുഖങ്ങൾ പ്രൈവറ്റ്-പബ്ലിക് പാർട്ടണർഷിപ്പ് വ്യവസ്ഥയിൽ വികസിപ്പിക്കാനുള്ള തീരുമാനമെടുത്തത് സ്വാഗതാർഹമാണ്. കൊല്ലം ജില്ലയിലെ തങ്കശ്ശേരി തുറമുഖത്തിന്റെ പ്രവർത്തനം ആരംഭിച്ചതും കേരള സംസ്ഥാന മാരിടൈം ഡെവലപ്പെന്റ് കോർപ്പറേഷന്റെ പ്രവർത്തനം ലാഭത്തിലാക്കാൻ കഴിഞ്ഞതും ഗവൺമെന്റിന്റെ ശ്രദ്ധേയമായ നേട്ടങ്ങളാണ്. തോടുകളിൽ അടിഞ്ഞുകൂടുന്ന മാലിന്യം നീക്കം ചെയ്യുന്നതിനായി ഡ്രഡ്ജറുകൾ സ്ഥാപിക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് തുറമുഖ നയവും മാരിടൈം ഡെവലപ്പ്മെന്റ് ബോർഡ് രൂപീകരണവും സംബന്ധിച്ചുള്ള നടപടി അവസാന ഘട്ടത്തിലാണ്. തുറമുഖ വികസനത്തിനായി ഒട്ടനവധി പദ്ധതികൾ ആവിഷ്ക്കരിച്ചും പരമ്പരാഗത വ്യവസായത്തെ പുനരുദ്ധരിച്ചും

പുതിയ വ്യവസായ നയം നടപ്പിലാക്കിയുമാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ശ്രീ. പി. സി. ജോർജ് : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനത്തിലെ അഴിമതി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കാൻ സർക്കാർ സ്വീകരിക്കാൻ പോകുന്ന നിലപാടുകൾ സഭയിൽ വ്യക്തമാക്കണം. ബിഡ് കൊടുത്ത കമ്പനിക്കാർ പിരിഞ്ഞുപോയ സാഹചര്യത്തിൽ സർക്കാർ കക്ഷിനേതാക്കളുമായി ചർച്ച ചെയ്ത് പദ്ധതി യാഥാർത്ഥ്യമാക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. മാരിടൈം ഡെവലപ്പ്മെന്റ് ബോർഡ് രൂപീകരിക്കാൻ നടപടി സ്വീകരിക്കണം. വ്യവസായ വകുപ്പ് റിയൽ എസ്റ്റേറ്റ് ബിസിനസ്സ് നടത്തിക്കൊണ്ടിരിക്കുകയാണ്. കിൻഫ്ര, ഇൻകെൽ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ റവന്യൂ വകുപ്പിനെക്കൊണ്ട് തിരുവനന്തപുരം, തൃശ്ശൂർ, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിൽ വ്യവസായ വികസനത്തിന്റെ പേരിൽ ഭൂമി ഏറ്റെടുത്ത് വിൽപന നടത്തുന്ന സ്ഥാപനങ്ങളായി മാറിയിരിക്കുന്നു. മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ ഫാസ്റ്റ് ട്രാക്ക് രീതിയിൽ ഏറ്റെടുത്ത 400 ഏക്കർ ഭൂമിയിൽ അലിഗഡ് സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് സ്ഥാപിക്കുന്നതിന് പകരം ഇൻകെലിന് കൈമാറിയത് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുന്നതിനുവേണ്ടിയാണ്. സർക്കാർ ഒരു വിധത്തിലുള്ള ജനക്ഷേമപ്രവർത്തനങ്ങളും നടത്തുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം.

ശ്രീ. ബാബു എം. പാലിശ്ശേരി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ലോകം മുഴുവൻ സാമ്പത്തിക മാന്ദ്യത്തിന്റെ പിടിയിലമരുമ്പോഴും മൂന്നര

വർഷത്തെ ഭരണംകൊണ്ട് വ്യവസായ വാണിജ്യ രംഗത്ത് ഏറ്റവുംവലിയ പുരോഗതിയും വളർച്ചയും കൈവരിക്കാൻ സർക്കാരിന് സാധിച്ചു. ധനകാര്യ വകുപ്പ് വ്യവസായ-വാണിജ്യ-പൊതുമേഖലാസ്ഥാപനങ്ങൾക്ക് കഴിഞ്ഞ മൂന്നുകൊല്ലത്തിനുള്ളിൽ 161 കോടി രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള 17 സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാനും 28 സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും 170 കോടി രൂപയുടെ ലാഭം ഉണ്ടാക്കാനും സാധിച്ചു. അടിസ്ഥാന സൗകര്യങ്ങളിലും ധാരണകളിലും മാറ്റം ഉണ്ടായാൽ മാത്രമേ ഭാവിയിൽ മികച്ച വ്യവസായ പുരോഗതി കൈവരിക്കാൻ സാധിക്കുകയുള്ളൂ. നിക്ഷേപകരെ ആകർഷിക്കാനായി പുതിയ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതുണ്ട്. ആരോഗ്യമേഖല മികവുറ്റതാക്കി ടൂറിസ്റ്റുകളെ ആകർഷിക്കാൻ നടപടികൾ സ്വീകരിക്കണം. എല്ലാവർക്കും വീട്, വെളിച്ചം, ഭൂമി എന്ന ലക്ഷ്യം കൈവരിക്കാൻ ഗവണ്മെന്റിന് സാധിച്ചു. സാമൂഹ്യ ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചു. നികുതി ഇളവ് നൽകിക്കൊണ്ട് കോർപ്പറേറ്റുകളെ സംരക്ഷിക്കാനും ഫ്രിഞ്ച് ബെനിഫിറ്റ് ടാക്സും ഉൽപാദന കൈമാറ്റ നികുതിയും എടുത്ത് കളഞ്ഞ് ഓയിൽ മേഖലയെ ടാക്സിൽ നിന്ന് ഒഴിവാക്കുന്നതുവഴി വൻകിട കുത്തകകൾക്ക് ലാഭമുണ്ടാക്കാനുള്ള നടപടികളാണ് കേന്ദ്ര ബഡ്ജറ്റിലൂടെ സ്വീകരിച്ചിരിക്കുന്നത്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ 10 ശതമാനം ഓഹരികൾ വിൽക്കുന്നതിനും ഇൻഷ്വറൻസ് മേഖലയിൽ വിദേശ പങ്കാളിത്തം കൊണ്ടുവരുന്നതിനും കേന്ദ്ര സർക്കാർ ശ്രമിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെയെല്ലാം എതിർക്കുന്ന സമീപനത്തിൽനിന്ന് പ്രതിപക്ഷം പിൻതിരിയണം.

<u>ശ്രീ. കെ. ടി. ജലീൽ</u> :ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. വ്യവസായ മേഖലയിൽ ഏറെ സാധ്യതകളുണ്ടെങ്കിലും അതിലേറെ പോരായ്മകളും നിലനിൽക്കുന്നുണ്ട്. ഇലക്ട്രിസിറ്റിയുടെ ദൗർലഭ്യം വ്യവസായത്തിന്റെ പുരോഗതിയെ ബാധിക്കുകയാണ്. വ്യവസായ മേഖലയിൽ തൊഴിലാളി കൾക്ക് പ്രത്യാശ പകരാൻ ഗവൺമെന്റിന് സാധിച്ചു. പൊതുമേഖലാ സ്ഥാപനത്തിലെ 176-ഓളം തൊഴിലാളികൾക്ക് വി.ആർ.എസ്. ആനുകൂല്യം കൊടുക്കാൻവേണ്ടി 6 കോടി രൂപ നീക്കിവച്ചു. കെ.എസ്.ഐ.ഡി.സി.യുടെ സ്ഥലം ഏറ്റെടുത്തുകൊണ്ട് കുറ്റിപ്പുറത്ത് കിൻഫ്ര ഒരു ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. കഴിഞ്ഞ മൂന്നു വർഷംകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം 169.45 കോടി രൂപ യായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. അലിഗഢ് യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ്സും ഇൻകെല്ലിന്റെ സ്ഥാപനവും മലപ്പുറത്ത് സ്ഥാപിക്കുന്നതിനുള്ള ഗവൺമെന്റിന്റെ നടപടികളെ സ്വാഗതം ചെയ്യുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വ്യവസായ ആവശ്യങ്ങൾക്കുവേണ്ടി വിട്ടുകൊടുത്ത ഭൂമി ഉപയോഗപ്പെടുത്താൻ പദ്ധതികൾ ആവിഷ്ക്കരിക്കണം. ചെറുകിട വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതോടൊപ്പം സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ പിരിമിതികൾ പരിഹരിക്കാനും നടപടി സ്വീകരിക്കണം. നഷ്ടപ്പെട്ട തുറമുഖങ്ങൾ വീണ്ടെടുക്കാൻ കഴിയണം. ഗവൺമെന്റിന് വ്യവസായ മേഖലയിൽ നിരവധി നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചത് അഭിനന്ദനാർഹമാണ്.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ആഗോളവൽക്കരണത്തിന്റേയും ഉദാരവൽക്കരണത്തിന്റേയും ഫലമായി തകർന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാനും പുതിയ

വ്യവസായ സംരംഭങ്ങൾ കൊണ്ടുവരാനും കഴിഞ്ഞത് സർക്കാരിന്റെ നേട്ടമാണ്. കൈത്തറി വസ്ത്രങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാനും തൊഴിലാളികളുടെ തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കാനും കൈത്തറി ക്ളസ്റ്ററുകൾ പ്രധാന പങ്ക് വഹിച്ചു. കൈത്തറിത്തൊഴിലാളികളുടെ പെൻഷൻ പ്രായം ഉയർത്തിയതും പെൻഷൻ തുക വർദ്ധിപ്പിച്ചതും സ്വാഗതാർഹമാണ്. പഞ്ഞിക്ഷാമം ഖാദി വസ്ത്ര നിർമ്മാണത്തെ ബാധിച്ചിരിക്കുന്നതിനാൽ സീസൺ കാലത്ത് പഞ്ഞി ശേഖരിക്കുന്നതിന് ഒരു സംരംഭം ആവിഷ്ക്കരിക്കണം. ഖാദിയുടെ കേന്ദ്ര റിബേറ്റ് പുന:സ്ഥാപിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. കേന്ദ്രത്തിന്റെ പുതിയ ഖാദി വസ്ത്ര വ്യാപനം സംസ്ഥാനത്തെ ഉൽപ്പാദന വർദ്ധനവിനെ പ്രതികൂലമായി ബാധിക്കുന്നത് ഓണക്കാലത്ത് മുമ്പുതന്നെ തടയാൻ നടപടി സ്വീകരിക്കണം. കേന്ദ്ര നയംമൂലം തകർച്ചയിലായ ഖാദി സഹകരണ സംഘവും ധർമ്മസ്ഥാപനങ്ങളും പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി ഫ്ളാഗ്ഷിപ് പദ്ധതി നടപ്പാക്കിയത് സ്വാഗതാർഹമാണ്. ഖാദി വ്യവസായ ബോർഡിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഖാദി മേഖലയെ ആധുനികവൽക്കരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമീണ തൊഴിൽദാന പദ്ധതി ഏറ്റവും നന്നായി നടപ്പാക്കാൻ കഴിഞ്ഞു. ഖാദി കമ്മീഷന്റെ സഹായത്തോടെ കൂടുതൽ ക്ളസ്റ്റർ പരിപാടികൾക്ക് നേതൃത്വം നൽകണം. അഴീക്കൽ തുറമുഖ വികസനത്തിന് പ്രത്യേക പരിഗണനയും സഹായവും നൽകണം.

ശ്രീ. രാജു എബ്രഹാം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 25 കോടി രൂപ മുടക്കി തങ്കശ്ശേരി വാർഫിന്റെ പണി പൂർത്തിയാക്കി. ആലപ്പുഴ തുറമുഖത്തെ മറീനാ കം കാർഗോ ടെർമിനലാക്കാനുള്ള നടപടി പൂർത്തിയാ

യിവരുന്നു. ബേപ്പൂർ തുറമുഖത്തിന് 285 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. അഴീക്കൽ തുറമുഖത്തിന്റെ ഡ്രഡ്ജിംഗ് ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 2 കോടി രൂപയുടെ ചാനൽ ഡ്രഡ്ജിംഗ് പണി പൂർത്തിയായി. മഞ്ചേശ്വരത്തും നീണ്ടകരയിലും ഒരു മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള നടപടി പൂർത്തിയായി. അന്തർ ദേശീയ നില വാരത്തോടുകൂടിയ ഷിപ് യാർഡ് സ്ഥാപിക്കാൻ കേന്ദ്ര ഗവൺമെന്റ് പൂവാർ തെരഞ്ഞെടുത്തിട്ടുണ്ട്. നെടുമ്പാശ്ശേരി മോഡലിൽ വിദേശ മലയാളികളുടെ സഹായത്തോടെ ഈ വർഷം തന്നെ വിഴിഞ്ഞം പോർട്ടിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുമെന്ന് ഉറപ്പ് വരുത്തണം. കേരളം നിക്ഷേപ സൗഹാർദ്ദ സംസ്ഥാനമായി മാറിയിരിക്കുകയാണ്. 28 വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിൽകൊണ്ടുവരാനും 238 കോടി 94 ലക്ഷം രൂപയുടെ ലാഭം ഉണ്ടാക്കാനും സാധിച്ചു. അടച്ചുപൂട്ടിയ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ചതിലൂടെ ചെറുകിട വ്യവസായ സ്ഥാപനങ്ങളിലെ ജോലി സാധ്യത വർദ്ധിച്ചു. വ്യവസായ രംഗത്ത് പ്രൊഫഷണലുകളെ കൊണ്ടുവന്ന് നേതൃത്വം നൽകാൻ സാധിച്ചു. കാസർഗോഡ് മുതൽ പാറശ്ശാലവരെ ഒട്ടേറെ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. പൂർണ്ണമായും അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങളുടെ സ്ഥലത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. മൾട്ടി സ്റ്റോറീഡ് ബിൽഡിംഗുകളുടെ സ്ട്രക്ച്ചർ നിർമ്മിച്ചു കൊടുക്കുന്നതിന് തുടക്കംകുറിക്കണം. പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയ വരെ ജോലിക്ക് പ്രാപ്തരാക്കുന്നതിനായി ഫിനിഷിംഗ് സ്കൂളുകൾ ആരംഭി ക്കാൻ നടപടി സ്വീകരിക്കണം. കൂടുതൽ വ്യവസായ പാർക്കുകൾ ആരംഭി ക്കുന്നതിന് പ്രോൽസാഹനം നൽകണം. വ്യവസായം ആരംഭിക്കുന്നതിനുള്ള

അനുമതി പത്രങ്ങൾ ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണം. ചവറ കെ.എം.എം.എൽ. യൂണിറ്റുമായി ബന്ധപ്പെട്ട അഴിമതി സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കണം.

ശ്രീ. എൻ. അനിരുദ്ധൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിവാദങ്ങളില്ലാതെ കാര്യക്ഷമമായും കഴിയുന്നത്ര വേഗത്തിലും വ്യവസായ വികസനത്തിനാവശ്യമായ പ്രവർത്തനങ്ങളാണ് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവണ്മെന്റ് നടത്തുന്നത്. രണ്ടു ലക്ഷത്തോളംപേർ തൊഴിൽ ചെയ്യുന്ന പരമ്പരാഗത വ്യവസായമേഖലയെ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കണം. കൈത്തറി വ്യവസായരംഗത്തെ പ്രശ്നങ്ങളെക്കുറിച്ചുള്ള പഠന റിപ്പോർട്ടുകൾ നടപ്പാക്കുന്നതോടൊപ്പം പ്രസ്തുത മേഖല യിലുണ്ടാകുന്ന സാമ്പത്തികബാധ്യതയ്ക്കു പരിഹാരം കാണാനുള്ള ശ്രമം കൂടി നടത്തണം. കേരളത്തെ വ്യാവസായിക സൗഹൃദ സംസ്ഥാനമായി മാറ്റാനും വ്യവസായങ്ങളെ ആകർഷിക്കാനുള്ള സംരംഭങ്ങൾ ഒരുക്കാനും ഈ ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന 28 പൊതു മേഖലാസ്ഥാപനങ്ങളെ ലാഭത്തിലാക്കി. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ പ്രവർത്തനം ലാഭകരമാക്കാൻ കഴിഞ്ഞു. പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി ഗവണ്മെന്റ് സ്വീകരിച്ച നടപടികൾ സ്വാഗതാർഹമാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്ന് ആദ്യ വർഷം 281 ചെറുകിട വ്യവസായങ്ങൾ പുതുതായി ആരംഭിച്ചു. ഈ മൂന്ന് വർഷത്തിനകം 13250 വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയും 53,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങളോട് അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കണം. വൻകിട-ചെറുകിട

വ്യവസായങ്ങളിൽ ക്ളസ്റ്റർ സിസ്റ്റം വ്യാപകമാക്കണം. കൈത്തറിരംഗത്ത് നടപ്പാക്കിയ ക്ളസ്റ്റർ സമ്പ്രദായം ഫലപ്രദമാക്കാനുള്ള നടപടി സ്വീകരിക്കണം ഏകജാലകസംവിധാനത്തിലൂടെ ലൈസൻസിംഗ് വ്യവസ്ഥ ഉദാരമാക്കിയത് സ്വാഗതാർഹമാണ്. സംസ്ഥാനത്ത് പുതിയ നിക്ഷേപങ്ങൾ ആകർഷിക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്തണം. വ്യവസായ വികസനത്തിന് ദിശാബോധമുള്ള വ്യവസായനയം സ്വീകരിക്കണം. സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിൽ കക്ഷിരാഷ്ട്രീയഭേദമന്യേ ഒന്നിച്ചു നിൽക്കാൻ പ്രതിപക്ഷം തയ്യാറാകണം.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കാനുള്ള നടപടികളുമായിട്ടാണ് ഈ ഗവണ്മെന്റ് മുന്നോട്ടു പോകുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 28 പൊതുമേഖലാസ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കഴിഞ്ഞു. പരമ്പരാഗത അസംഘടിത മേഖലകളെ സമുദ്ധരിക്കാനും ലാഭകരമാക്കാനുമുള്ള നടപടികൾ സ്വീകരിച്ചത് സ്വാഗതാർഹമാണ്. കയർ, കൈത്തറി, കശുവണ്ടി, ഈറ്റ, പനമ്പ്, ബീഡി നിർമ്മാണം തുടങ്ങിയ മേഖലകളിലുള്ള ജനവിഭാഗങ്ങളെ സംരക്ഷിക്കാനുള്ള കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം. വ്യാവസായികോൽപ്പന്നങ്ങൾ വിറ്റഴിക്കണമെങ്കിൽ കേരളത്തിലെ ജനങ്ങളുടെ വാങ്ങൽശേഷി വർദ്ധിപ്പിക്കണം. ഔഷധസസ്യങ്ങൾ കൃഷി ചെയ്ത് മരുന്നുകൾ ഉൽപ്പാദിപ്പിച്ച് ലോകം മുഴുവൻ വിറ്റഴിക്കാനും അതുവഴി ആയുർവേദ ചികിൽസ പ്രോൽസാഹിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഫലമായി തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ കഴിയും. കണ്ണൂരിൽ ഫാഷൻ ടെക്നോളജി യൂണിറ്റ്, കഞ്ചിക്കോട് ടെക്സ്റ്റ

യിൽ പാർക്ക്, ഇടുക്കിയിൽ സ്പൈസസ് പാർക്ക്, റാന്നിയിൽ റബ്ബർ വ്യവസായ പാർക്ക് തുടങ്ങിയവ ആരംഭിക്കാൻ ഈ സർക്കാരിന് സാധിച്ചി ട്ടുണ്ട്. കേരളത്തിൽ വന്നിരിക്കുന്ന ബൃഹത് പദ്ധതികൾ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണം. വ്യവസായ വികസനത്തെ എതിർക്കുന്ന സമീപ നത്തിൽനിന്ന് പ്രതിപക്ഷം പിന്മാറണം. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം വ്യവസായ ശാലകളെ സംരക്ഷിക്കാനും ലാഭകരമാക്കാനു മുള്ള നടപടികൾ സ്വീകരിച്ചു. കയറുൽപ്പന്നങ്ങൾ വിറ്റഴിക്കാനും കയറ്റുമതി യിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും കയർമേഖലയിൽ മോഡണൈ സേഷൻ നടപ്പാക്കാനും നടപടി സ്വീകരിക്കണം. ഈ ഗവൺമെന്റ് ഖാദി-കൈ ത്തറി-കയർ മേഖലകളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചു. കാർഷിക മേഖല സമ്പുഷ്ടമാക്കാനും തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാനും സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം. ജനങ്ങളുമായി പരമാ വധി സഹകരിച്ചുകൊണ്ടു മാത്രമേ വ്യാവസായികാവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കാൻ പാടുള്ളൂ.

<u>ശ്രീ. കെ. ബാബു</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിവാദങ്ങൾ സൃഷ്ടിച്ചും നിഷേധാത്മകമായ സമീപനം സ്വീകരിച്ചും വിഴിഞ്ഞം, സ്മാർട്ട് സിറ്റി പദ്ധതികളെ തകർക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ വിഴിഞ്ഞം തുറമുഖ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 15 വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ സാധിച്ചു. ഇപ്പോൾ നിരവധി വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലായെന്ന് ഈ ഗവൺമെന്റ് അവകാശപ്പെടുന്നുണ്ടെങ്കിലും അവയുടെ അക്കൗണ്ട്സ് ഫൈനലൈസ് ചെയ്താൽ മാത്രമേ യാഥാർത്ഥ്യം മനസ്സിലാകുകയുള്ളൂ. ഈ

ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖല അഭിവൃ ദ്ധിപ്പെടുത്തുന്നതിനോ പുതിയ വ്യവസായങ്ങൾ കൊണ്ടുവരുന്നതിനോ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്ത് വ്യവസായ നിക്ഷേപം വരുന്നതിന് ഉതകുന്ന രാഷ്ട്രീയ സാമൂഹിക അന്തരീക്ഷമല്ല നിലവിലുള്ളത്. സ്പെഷ്യൽ ഇക്കണോമിക് സോൺ പ്രാവർത്തികമാക്കുന്നതിന് ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ കഴിയാത്ത ഗവൺമെന്റാണ് ഇവിടെയുള്ളത്. വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനോ കെ.എസ്. ഐ.ഡി.സി.യുടെ ഗ്രോത്ത് സെന്ററുകൾ ആരംഭിക്കുന്നതിനോ എച്ച്.എം. ടി.ക്ക് ഭൂമി ഏറ്റെടുത്തുകൊടുക്കുന്നതിനോ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തണം. വ്യവസായവത്കരണം മുന്നോ ട്ടുകൊണ്ടുപോകാൻ സാധിക്കാത്ത നയമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചി ട്ടുള്ളത്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : വ്യവസായ വകുപ്പിനെ സംബന്ധിച്ച് ഉയർന്നുവന്ന അഭിപ്രായങ്ങളേയും നല്ല നിർദ്ദേശങ്ങ ളേയും സ്വാഗതം ചെയ്യുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതി നുശേഷം പ്രൈമറി സെക്ടറിലും സെക്കണ്ടറി സെക്ടറിലും കാര്യമായ വളർച്ച ഉണ്ടാകുകയും മീഡിയം-ലാർജ്ജ് സ്കെയിൽ ഫാക്ടറികളുടെ എണ്ണ ത്തിൽ വർദ്ധനവ് ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ചെറുകിട വ്യവസായ മേഖല യിലും പരമ്പരാഗത മേഖലയിലും പ്രകടമായ വളർച്ച കൈവരിക്കാൻ സാധി ച്ചു. വ്യവസായ മേഖലയിൽ തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെന്ന അവകാശ വാദം ഉന്നയിക്കുന്നത് വേൾഡ് ബാങ്കിന്റേയും കെ.പി.എം.ജി.യുടേയും

റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ്. Doing Business in India എന്ന പേരിൽ ഇന്ത്യയിലെ പ്രധാനപ്പെട്ട 17 നഗരങ്ങളെക്കുറിച്ച് വന്നിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉദ്യോഗസ്ഥരുടേയും ഡിപ്പാർട്ടുമെന്റുകളുടേയും ഇടപെടലുകളിൽ കാര്യ മായ മാറ്റമുണ്ടാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ചെറുകിട വ്യവസാ യികളുടെ ക്ഷേമ പദ്ധതിക്കായി ഒരു കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. 2008-2009-ലാണ് കൂടുതൽ ചെറുകിട വ്യവസായങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. പുതിയ സംരംഭങ്ങൾക്കായി ഭൂമി നൽകാനില്ലാത്ത തുകൊണ്ട് വ്യവസായ എസ്റ്റേറ്റുകളിൽ ബഹുനില കെട്ടിടങ്ങൾ ഉണ്ടാക്കി വ്യവസായികൾക്ക് അലോട്ട് ചെയ്യാനുള്ള പണം ഈ വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. രണ്ടുവർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ ഇൻഡസ്ട്രി യൽ എസ്റ്റേറ്റുകൾ വികസിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. അടച്ചു പൂട്ടിയ സാലിസിലേറ്റ്സ് ലിമിറ്റഡിന്റെ 25 ഏക്കർ സ്ഥലം ഏറ്റെടുത്ത് ടെലികോം സിറ്റി എന്ന പുതിയ സംരംഭം ആരംഭിക്കാൻ അനുമതി നൽകിയി ട്ടുണ്ട്. ചെറുകിട വ്യവസായങ്ങൾ ഒന്നിച്ചുനിന്ന് വൻകിടക്കാരുടെ മൽസ രത്തെ നേരിടുക എന്ന ആശയത്തോടെയുള്ള ക്ലസ്റ്റർ പദ്ധതി കേന്ദ്ര സംസ്ഥാന സഹകരണത്തോടെ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞി ട്ടുണ്ട്. വ്യവസായ ഉല്പന്നങ്ങളുടെ പ്രചരണവും ഉൽപ്പാദന വർദ്ധനവും ലക്ഷ്യമിട്ട് ബാംബൂ ഫെസ്റ്റ് (എറണാകുളം), മലബാർ ക്രാഫ്റ്റ്സ് മേള, (മലപ്പുറം), ബേപ്പൂർ ഫെസ്റ്റ്, കേരളാ ടെക്സ്ഫെയർ ഫെസ്റ്റ്, (കണ്ണൂർ), കേരളാ അഗ്രി ഫുഡ് ടെക്നോളജി മീറ്റ്, (തൃശ്ശൂർ) എന്നീ പ്രദർശനങ്ങൾ

എല്ലാ വർഷവും സംഘടിപ്പിക്കാൻ വ്യവസായ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ചെറുകിട വ്യവസായത്തിന് എടുത്തിട്ടുള്ള മാർജിൻ മണി വായ്പയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഏർപ്പെടുത്തിയതുവഴി 501 വ്യവസായ യൂണിറ്റുകൾക്ക് ആശ്വാസം നൽകാൻ കഴിഞ്ഞു. ഈ സൗകര്യം 3 മാസ ത്തേയ്ക്കുകൂടി ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മലബാർ സ്പിന്നിംഗ് മിൽ തുറന്ന് പ്രവർത്തിപ്പിച്ചു. അവിടെ 12 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടക്കാൻ പോവുകയാണ്. ലിക്വിഡേഷനിലായിരുന്ന തിരുവനന്തപുരം സ്പിന്നിംഗ് മില്ലിന്റെ ട്രയൽ റൺ ആരംഭിച്ചിട്ടുണ്ട്. ഔപചാരിക ഉദ്ഘാടനം അടുത്തമാസം നടക്കും. അടച്ചുപൂട്ടിയ കേരളാ സോപ്സ് ആന്റ് ഓയിൽസിന്റെ സ്ഥലത്ത് നിർമ്മാണ പ്രവർത്തനം ആരം ഭിച്ച പുതിയ സോപ്പ് ഫാക്ടറി 2009 നവംബറിൽ കമ്മിഷൻ ചെയ്യും. കെ. എസ്.ഐ.ഇ.യും ടി.സി.സി.യും ചേർന്ന് ഒരു ജോയിന്റ് വെഞ്ചർ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കും. എഫ്.എ.സി. റ്റി.യും കെ.എസ്.ഐ.ഡി.സി.യും ചേർന്ന് കൺവെൻഷൻ സെന്ററിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കും. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ 23 കോടി രൂപയുടെ വികസന പദ്ധതി നടപ്പാക്കി വരികയാണ്. കെ.എം.എം. എൽ, ടി.സി..സി, കേരളാ ക്ലേയ്സ് ആന്റ് സെറാമിക്സ്, കെ.എസ്.ഐ.ഇ. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ വലിയ വികസന പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. ഐ.എസ്.ആർ.ഒ. ഫണ്ട് ഉപയോഗിച്ച് ചവറയിൽ സ്ഥാപിക്കുന്ന ടൈറ്റാനിയം സ്പോഞ്ച് ഫാക്ടറിയുടെ നോഡൽ ഏജൻസി യായി കെ.എസ്.ഐ.ഡി.സി.യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ബ്രഹ്മോസിന്റെ രണ്ടാംഘട്ട വികസനത്തിന് ആവശ്യമായ 5 ഏക്കർ സ്ഥലം എയർഫോഴ്സിൽ നിന്ന് ലഭ്യമാക്കുന്നതിന് പാർലമെന്ററികാര്യ വകുപ്പുമന്ത്രി

യുമായി ചർച്ച നടത്തിയിട്ടുണ്ട്. മൂന്നാംഘട്ടം ആയിരംകോടി രൂപയുടെ നിക്ഷേപമാണ് പ്ലാൻ ചെയ്യുന്നത്. അതിന് 50 ഏക്കർ സ്ഥലം നൽകാമെന്ന് ഗവണ്മെന്റ് ഏറ്റിട്ടുണ്ട്. പബ്ലിക് സെക്ടറിന്റെ സി.ഇ.ഒ. മാരായി പ്രൊഫഷ ണലുകളെ നിയമിക്കാനുള്ള പൊതുതീരുമാനമെടുത്ത് നടപ്പാക്കിവരുന്നുണ്ട്. കിനാനൂരിൽ വ്യവസായ നഗര പദ്ധതി, ശോഭാ ഹൈടെക് സിറ്റി, മാവൂർ പുനരുദ്ധാരണം എന്നിവയ്ക്ക് അനുമതി നൽകാനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. കൈത്തറി മേഖലയിൽ റിബേറ്റ് കുടിശ്ശിക 13.73 കോടി രൂപ നൽകിക്കഴിഞ്ഞു. 2008 മാർച്ച് 31 വരെ സഹകരണസംഘ ങ്ങൾക്കുള്ള കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർത്തു. കൈത്തറി മേഖലയിൽ വൈവിദ്ധ്യവൽക്കരണം നടപ്പാക്കിവരികയാണ്. ഖാദിത്തൊഴി ലാളി ക്ഷേമനിധി ബോർഡിന് ഒരു കോടി രൂപ നൽകി. ഖാദിമേഖലയിലെ തൊഴിലാളികൾക്ക് 2007-ൽ കോസ്റ്റ് ചാർട്ടിൽ 25 ശതമാനം വർദ്ധനവും 2008 -ൽ സെൻട്രൽ ഖാദി കമ്മീഷന്റെമേൽ സമ്മർദ്ദം ചെലുത്തി വീണ്ടും 50 ശതമാനം വർദ്ധനവും വരുത്തി. അതുവഴി ഖാദി, നൂൽനൂൽപ്പ്, വസ്ത്ര നിർമ്മാണത്തൊഴിലിലേർപ്പെട്ടിരിക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് കൂലി വർദ്ധനവുണ്ടായി. ഖാദി ബോർഡിന് 3 വർഷംകൊണ്ട് 33.85 കോടി രൂപ യുടെ സഹായം നൽകിയിട്ടുണ്ട്. ദിനേശ് ബീഡി വൈവിദ്ധ്യവൽക്കരണ ത്തിന് 7 കോടി രൂപയുടെ പദ്ധതി ആവിഷ്ക്കരിക്കുകയും 4 കോടി രൂപ ഗ്രാന്റ് നൽകുകയും ചെയ്തു. ഈ പദ്ധതി പ്രകാരം 2 ഗാർമെന്റ് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. വിരമിക്കുന്ന ദിനേശ് ബീഡി തൊഴിലാളികൾക്കുള്ള പുതിയ പെൻഷൻ പദ്ധതി നടപ്പിലാക്കാനുള്ള ഫണ്ട് ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുന്നതിനായി പദ്ധതി തയ്യാറാക്കിവരികയാണ്. ബാംബൂ കോർപ്പ റേഷൻ സംഭരിക്കുന്ന മുളയും ഈറ്റയും കേരളത്തിൽ എല്ലായിടത്തും ഒരേ

നിരക്കിൽ കൊടുക്കാൻ തീരുമാനമാക്കിയിട്ടുണ്ട്. ബാംബൂ കോർപ്പറേഷൻ 12 കോടിരൂപ മുതൽമുടക്കി കോഴിക്കോട് ജില്ലയിൽ ടൈൽസ് ഫാക്ടറി ആരംഭിക്കും. നാദാപുരത്തും കാടാമ്പുഴയിലും ബാംബൂ പ്രോസ്സസ്സിംഗ് യൂണിറ്റുകൾ സെപ്റ്റംബർ മാസത്തോടെ പ്രവൃത്തി ആരംഭിക്കും. മഞ്ചേശ്വരത്ത് കിൻഫ്ര 500 ഏക്കർ സ്ഥലം ഏറ്റെടുത്ത് ഇലക്ട്രോണിക് വ്യവസായ പാർക്ക് ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ തളിപ്പറമ്പ് നാടുകാണിയിൽ ടെക്സ്റ്റൈൽ പാർക്കിന് ഭൂമി അനുവദിക്കുന്നതാണ്. കണ്ണൂർ വിമാനത്താവളത്തിന് സമീപം പേരാവൂർ മണ്ഡലത്തിൽ വ്യവസായ പാർക്ക് കോഴിക്കോട് രാമനാട്ടുകരയിൽ അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, ബേപ്പൂരിലെ മറൈൻ പാർക്ക്, വയനാട് കൽപ്പറ്റയിലെ മെഗാ ഫുഡ് പാർക്ക്, ഒറ്റപ്പാലം വ്യവസായ പാർക്ക്, കോട്ടയം കിടങ്ങൂർ വ്യവസായ പാർക്ക് ഇവയ്ക്കുള്ള സ്ഥലമെടുപ്പ് ഈ വർഷം പൂർത്തിയാകും. കൊടകര കേര പാർക്ക്, തളിക്കുളം വികാസ് ട്രസ്റ്റുമായി ചേർന്ന് കിൻഫ്ര ഗാർമെന്റ് വ്യവസായ യൂണിറ്റ്, എറണാകുളം കാക്കനാട് കിൻഫ്ര വ്യവസായ പാർക്കിൽ വിവിധോദ്ദേശ ടെക്നോളജി പാർക്ക് എന്നിവ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കളമശ്ശേരി കിൻഫ്ര പാർക്കിന്റെ നിർമ്മാണ ജോലികൾ ഉടൻ ആരംഭിക്കും. ചേംബർ ഓഫ് കോമേഴ്സും കിൻഫ്രയും ചേർന്ന് കോട്ടയത്ത് സ്ഥാപിക്കുന്ന പാർക്കിന്റെ സ്ഥലമെടുപ്പ് ഈ വർഷം പൂർത്തിയാകും. ഇടുക്കി സ്പൈസസ് പാർക്കിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. റാന്നി റബ്ബർ പാർക്കിനുള്ള സ്ഥലമെടുപ്പ് ഉടൻ ആരംഭിക്കും. അങ്കമാലി വ്യവസായ പാർക്കിനുള്ള സ്ഥലമെടുപ്പ് ഉടനെ പൂർത്തീകരിക്കും. കെ. എസ്.ഐ.ഡി.സി. കണ്ണൂർ വലിയവെളിച്ചം ഗ്രോത്ത് സെന്ററിലേയ്ക്കുള്ള റോഡും അടിസ്ഥാന സൗകര്യങ്ങളും പൂർത്തിയാക്കി വരികയാണ്. പുതിയ

സംരംഭങ്ങൾ ആരംഭിച്ച് ആയിരം പേർക്ക് പുതിയതായി ജോലി നൽകിയിട്ടുണ്ട്. നാദാപുരം-കുറ്റ്യാടി വ്യവസായ വികസന പദ്ധതികൾ ആരംഭിക്കുന്നതാണ്. എറണാകുളത്ത് ഇലക്ട്രോണിക് വ്യവസായ പാർക്ക് ആരംഭിക്കും. തിരുവനന്തപുരം കഴക്കൂട്ടത്ത് ലൈഫ് സയൻസ് പാർക്കിനുവേണ്ടി സ്ഥലമെടുപ്പ് പൂർത്തിയായി വരികയാണ്. മണ്ണാർക്കാട്ട് വ്യവസായ പാർക്കിനുള്ള സ്ഥലമെടുപ്പ് നടപടികൾ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് വ്യവസായ മേഖലയുടെ റിവൈവലാണ് ലക്ഷ്യമിടുന്നത്. ആസ്ട്രൽ വാച്ചസ് പ്രവർത്തിപ്പിക്കുന്നതിന് പുതിയ സംരംഭകരെ കണ്ടെത്താൻ ശ്രമിക്കുകയാണ്. കേരള സിറാമിക്സ് ലിമിറ്റഡിനെ പൊതുമേഖലയിൽത്തന്നെ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസിൽ ചൈനീസ് മെഷിനറി ഇൻസ്റ്റാൾ ചെയ്ത് ട്രയൽ റൺ നടത്തിവരികയാണ്. കേരള സോപ്സ് ആന്റ് ഓയിൽസ് പുനരുദ്ധാരണത്തിലാണ്. 37 കോടി രൂപ മുടക്കി കെ.എസ്.ഡി.പി.യെ പുനരുദ്ധരിക്കാനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സമാന സ്വഭാവമുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് പുനരുദ്ധരിക്കാനുള്ള പദ്ധതിയാണ് ഈ ഗവൺമെന്റ് ഏറ്റെടുത്തത്. കാസർഗോഡുള്ള ഹിന്ദുസ്ഥാൻ ഏറോനോട്ടിക്സ് ലിമിറ്റഡ് കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർന്ന് ജോയിന്റ് വെഞ്ചറാക്കുന്നതിനാണ് നല്ല ശ്രമം നടത്തുന്നത്. കടൽ നികത്തി വ്യവസായ സംരംഭം തുടങ്ങുന്നത് സംബന്ധിച്ച് ഗവൺമെന്റ് ഒരു പുതിയ തീരുമാനവും എടുത്തിട്ടില്ല. കിൻഫ്ര റീക്ലെയിം ചെയ്ത ഭൂമിയെടുത്ത് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന്റെ സാധ്യതകൾ സംബന്ധിച്ച് പഠനം നടത്താൻ കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള നാഷണൽ എഞ്ചിനീയറിംഗ് ആന്റ് എൻവ

യോൺമെന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തുകയും അതിന്റെ പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ പഠനത്തിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. വൈക്കത്ത് ഫ്ളോട്ടിംഗ് വില്ലേജ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ചേർത്തല മലബാർ സിമെന്റ്സ് യൂണിറ്റുമായി ബന്ധപ്പെട്ട വായ്പാ പ്രശ്നം ബാങ്ക് മേധാവികളുമായി ചർച്ച ചെയ്ത് ഉടൻ പരിഹരിക്കുന്നതാണ്. മൂവാറ്റുപുഴയിലെ ഗ്രാഫൈറ്റ് നിക്ഷേപത്തിന്റെ സാധ്യതകളെക്കുറിച്ച് ഗൗരവമായി പരിശോധിക്കുന്നതാണ്. ട്രേഡ് യൂണിയനുകളുമായി യോജിച്ചുപോകാൻ കഴിയാത്തതുകൊണ്ട് കെ.എം.എം.എൽ.-ലെ എം.ഡി. രാജിവച്ചു പോകുകയാണ് ചെയ്തത്. കേന്ദ്ര സഹായത്തോടെ സ്ഥാപിച്ച കൂത്തുപറമ്പ്, വലിയവെളിച്ചം, കിനാനലൂർ, ചേർത്തല എന്നീ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകൾ വ്യവസായ വികസനത്തിനുവേണ്ടിമാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ പാണക്കാട് സ്ഥാപിക്കാൻ തീരുമാനിച്ചിരുന്ന അലിഗഡ് യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാമ്പസ് സെന്റർ പെരിന്തൽമണ്ണയിൽ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കും. പാണക്കാട് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ഇൻഡസ്ട്രിയൽ മാനേജ്മെന്റ് പ്രൊഫഷണൽസിനെ സൃഷ്ടിക്കുന്ന ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡസ്ട്രിയൽ ടെക്നോളജി എന്ന സ്ഥാപനമാണ്. വ്യവസായങ്ങളുടെ പിൻബലത്തോടുകൂടി മാത്രമേ ആ സ്ഥാപനത്തെ വളർത്തിക്കൊണ്ടുവരാൻ കഴിയുകയുള്ളൂ എന്നതിനാൽ അതിനായി ഇൻകെലുമായി ധാരണാപത്രത്തിൽ ഒപ്പുവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് ഭൂമി കൊടുക്കാൻ വേണ്ടിയാണ് കെ.എസ്.ഐ.ഡി.സി. എസ്റ്റേറ്റുകളുടെ ഭൂമി വിലയ്ക്കെടുക്കുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ കോട്ടയത്തെ കോടിമതയിൽ കിൻഫ്രയും സ്വകാര്യ മേഖലയുമായി ചേർന്ന് സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള പോർട്ട് ആഗസ്റ്റ് മാസത്തിൽ കമ്മീഷൻ ചെയ്യാൻ സാധിക്കും. വിഴിഞ്ഞം, തങ്കശ്ശേരി, ആലപ്പുഴ, പൊന്നാനി, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ 15,000 കോടി രൂപയുടെ മുതൽമുടക്കിൽ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിഴിഞ്ഞം ഉൾപ്പെടെയുള്ള ആഴമുള്ള തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്തർദേശീയ ചരക്ക് ഗതാഗതം, തീരദേശ കപ്പൽ ഗതാഗതം, തുറമുഖാധിഷ്ഠിത വ്യവസായം, വിനോദസഞ്ചാരം, തുറമുഖ വിദ്യാകേന്ദ്രങ്ങൾ, മാരിടൈം ഡവലപ്മെന്റ് ബോർഡ് രൂപീകരിക്കുക എന്നീ ലക്ഷ്യങ്ങൾ വച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ പുനരുദ്ധരിച്ചതിന്റെ ഫലമായി 2007-08 വർഷം 22 ലക്ഷം രൂപയും 2008-09-ൽ 84.4 ലക്ഷം രൂപയും ലാഭമുണ്ടാക്കാൻ സാധിച്ചു. അതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വന്ന വിമർശനങ്ങൾ സർക്കാർ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ കാര്യത്തിൽ ടെക്ക്നിക്കലി ക്വാളിഫൈഡായിട്ടുള്ള കമ്പനികളുടെ ബിഡ് മാത്രമേ സെക്യൂരിറ്റി ക്ലീയറൻസിന് അയയ്ക്കാവൂ എന്ന കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന്റെ നിർദ്ദേശമനുസരിച്ചാണ് സർക്കാർ പ്രവർത്തിച്ചിട്ടുള്ളത്. ഒരു വർഷംകൊണ്ട് ഗ്ലോബൽ ടെൻഡർ നടത്തി സെക്യൂരിറ്റി ക്ലീയറൻസ് വാങ്ങിയെങ്കിലും കേസും വിവാദവുമൊക്കെ

യായതിനാൽ പദ്ധതി പ്രാവർത്തികമാക്കാൻ സാധിച്ചില്ല. വിഴിഞ്ഞം പദ്ധതി നടപ്പാക്കാനുള്ള പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അതിനുവേണ്ടി ഒരു സർവ്വകക്ഷിയോഗം ഉടൻതന്നെ വിളിക്കുന്നതാണ്. ഇപ്പോൾ നിലവിലുള്ള ടെൻഡറുകളിൽ നിന്ന് നിയമവ്യവവസ്ഥകൾക്കനുസരിച്ച് കരാറുകാരെ കണ്ടെത്താനുള്ള നിയമനടപടികളുമായി മുന്നോട്ടുപോകുകയാണ്. വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് ഉൾപ്പെടെയുള്ള സഹായങ്ങൾ ചെയ്യാമെന്ന് കേന്ദ്ര ഗവൺമെന്റും ഉറപ്പുനൽകിയിട്ടുണ്ട്. കൊല്ലം തുറമുഖത്തെ കസ്റ്റംസ് പോർട്ടായി പ്രഖ്യാപിക്കുകയും ചരക്ക് ഗതാഗതം നടത്തിക്കൊണ്ടിരിക്കുകയാണ് ഈ വർഷംതന്നെ ഗ്ലോബൽ ടെൻഡറിലൂടെ കൊല്ലം തുറമുഖം വികസിപ്പിക്കാൻ നടപടി സ്വീകരിക്കും. മെറീനാ-കം-കാർഗോ പോർട്ടായി ആലപ്പുഴ തുറമുഖം വികസിപ്പിച്ച് ഈ വർഷംതന്നെ കമ്മീഷൻ ചെയ്യും. ബേപ്പൂർ പോർട്ടിന് ഈ വർഷം തന്നെ ഗ്ലോബൽ ടെൻഡർ നടപടികൾ സ്വീകരിക്കും. അഴീക്കൽ പോർട്ട് വികസിപ്പിക്കുന്നതിനായി ഒട്ടേറെ നടപടികൾ ആയിട്ടുണ്ട്. സ്വിസ്സ് ചലഞ്ച് മെത്തേഡിൽക്കൂടി പൊന്നാനി പോർട്ട് വികസിപ്പിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. ആലപ്പുഴയിലെ മറീനാ കം-കാർഗോ-പോർട്ടും തലശ്ശേരിയിലെ മറീനാ-പോർട്ടും വിനോദസഞ്ചാര തുറമുഖങ്ങളാക്കി വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കാസർഗോഡും, നീണ്ടകരയിലും രണ്ട് തുറമുഖ വിദ്യാകേന്ദ്രങ്ങൾ ഈ വർഷംതന്നെ സ്ഥാപിക്കുന്നതാണ്. കേരളത്തിൽ ഒരു മാരിടൈം യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. തുറമുഖാധിഷ്ഠിത വ്യവസായം എന്ന നിലയിൽ കേന്ദ്രസർക്കാർ ഒരു കപ്പൽ നിർമ്മാണശാല പശ്ചിമതീരത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതിന് കേരളത്തിന്റെ തെക്കേയറ്റത്തുള്ള

പൂവാർ അനുയോജ്യമാണെന്ന് പ്രഖ്യാപനം ഉണ്ടായിട്ടുണ്ട്. കൊച്ചിൻ ഷിപ്പ്‌യാർഡുമായി ബന്ധപ്പെട്ട് ഒരു ഷിപ്പ് റിപ്പെയറിംഗ് യാർഡ് വിഴിഞ്ഞത്ത് സ്ഥാപിക്കാനുള്ള നടപടിയായിട്ടുണ്ട്. തുറമുഖവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി ഒരു മാരിടൈം ഡവലപ്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണ നടപടികൾ സ്വീകരിച്ചുവരികയാണ്. വല്ലാർപ്പാടം കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ 2009 നവംബറിൽ കമ്മീഷൻ ചെയ്യാൻ സാധിക്കും. കഴിഞ്ഞ 50 വർഷത്തിനുശേഷം പുതിയ സമഗ്ര തുറമുഖ വികസന പദ്ധതികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 22-നെതിരെ 72 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയേയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയേയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയേയും

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുന്നു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.25-ന് പിരിഞ്ഞു.